**മൂപ്പന്മാർക്കും**
**ഉത്തരവാദിത്തപ്പെട്ടവർക്കുമുള്ള**
**അന്തർദേശീയ പരിശീലനം**
നവംബർ 2025
**പൊതുവിഷയം:**
**മത്തായി 5 മുതൽ 7 വരെയുള്ള അധ്യായങ്ങളുടെ നിർണയാക വശങ്ങൾ**

ദൂത് ഏഴ്

# രാജ്യത്തിന്റെ നിത്യാനുഗ്രഹീത അവസ്ഥയായ ജീവനിലേക്ക് നയിക്കുന്ന ഇടുക്കമുള്ള കവാടത്തിലൂടെ പ്രവേശിക്കുകയും ഞെരുക്കമുള്ള വഴിയിലൂടെ നടക്കുകയുംചെയ്യുന്നു

JL *Hymns*: ML606

തിരുവെഴുത്ത്വായന: വെളി. 2:7; യോഹ. 6:57, 63

വെളി. 2:7 ആത്മാവ് സഭകളോടു പറയുന്നത് എന്തെന്ന് ചെവിയുള്ളവൻ കേൾക്കട്ടെ. ജയിക്കുന്നവന് ഞാൻ ദൈവത്തിന്റെ പറുദീസയിലുള്ള ജീവ വൃക്ഷത്തിൽനിന്നു ഭക്ഷിക്കുവാൻ കൊടുക്കും.

യോഹ. 6:57 ജീവനുള്ള പിതാവ് എന്നെ അയച്ചിട്ട്, ഞാൻ പിതാവിന്മൂലം ജീവിക്കുന്നതുപോലെ, എന്നെ ഭക്ഷിക്കുന്നവൻ എന്മൂലം ജീവിക്കും.

യോഹ. 6:63 ജീവൻ നൽകുന്നത് ആത്മാവാകുന്നു; മാംസം ഒന്നിനും പ്രയോജനപ്പെടുന്നില്ല; ഞാൻ നിങ്ങളോടു സംസാരിച്ചിരിക്കുന്ന വചനങ്ങൾ ആത്മാവും ജീവനും ആകുന്നു.

**I. രാജ്യത്തിന്റെ ഭരണഘടനയുടെ വിളമ്പരത്തിൽ, ദൈവമുമ്പാകെ ജനത്തിന്റെ ജീവിതത്തിനും വേലയ്ക്കും രണ്ട് സാധ്യമായ വഴികൾ ക്രിസ്തു പ്രദർശിപ്പിച്ചു—"ഇടുക്കമുള്ള കവാടത്തിലൂടെ അകത്തു പ്രവേശിക്കുവിൻ; എന്തെന്നാൽ നാശത്തിലേക്കു നയിക്കുന്ന കവാടം വീതിയുള്ളതും വഴി വിശാലവും, അതിൽകൂടി പ്രവേശിക്കുന്നവർ അനേകരും ആകുന്നു. ജീവനിലേക്കു നയിക്കുന്ന കവാടം ഇടുക്കമുള്ളതും വഴി ഞെരുക്കവും ആയതിനാൽ, അതിനെ കണ്ടെത്തുന്നവർ ചുരുക്കം ആകുന്നു"—മത്താ. 7:13-14:**

A. "ജീവനിലേക്കു നയിക്കുന്ന വഴി" എന്നത് ജീവനിലുള്ള ഒരു ജീവനുള്ള പ്രതിഫലത്തിലേക്ക് നയിക്കുന്ന വഴിയാണ്; അത് നിസ്തുല മാർഗമാണ് (പ്രവൃ. 9:2; 19:9, 23; 22:4; 24:22)—സത്യത്തിന്റെ മാർഗം (2 പത്രൊ. 2:2), നേർവഴി (വാ. 15), നീതിയുടെ മാർഗം (വാ. 21), സമാധാനത്തിന്റെ മാർഗം (ലൂക്കൊ. 1:79; റോമ. 3:17), രക്ഷയുടെ മാർഗം (പ്രവൃ. 16:17), ദൈവത്തിന്റെ മാർഗം (മത്താ. 22:16; പ്രവൃ. 18:26), കർത്താവിന്റെ മാർഗം (യോഹ. 1:23; പ്രവൃ. 18:25).

പ്രവൃ. 9:2 ഈ മാർഗക്കാരായ പുരുഷന്മാരും സ്ത്രീകളുമായ ആരെയെങ്കിലും കണ്ടെത്തിയാൽ, പിടിച്ചുകെട്ടി യെരൂശലേമിലേക്കു കൊണ്ടുവരേണ്ടതിന്, അവനിൽനിന്ന് ദമസ്കൊസിലേക്ക് സിനഗോഗുകൾക്കായി എഴുത്തുകൾ

ആവശ്യപ്പെട്ടു.

പ്രവൃ. 19:9 എന്നാൽ ചിലർ, പുരുഷാരത്തിനു മുമ്പാകെ ഈ മാർഗത്തെക്കുറിച്ചു തിന്മ സംസാരിച്ചുകൊണ്ട്, കഠിനപ്പെടുകയും പ്രേരിപ്പിക്കപ്പെടാതിരിക്കുകയും ചെയ്തപ്പോൾ, അവൻ അവരിൽനിന്നു പിൻവാങ്ങി ശിഷ്യന്മാരെ വേർതിരിച്ച്, തുറന്നൊസിന്റെ പാഠശാലയിൽ ദിനന്തോറും സംവാദിച്ചുകൊണ്ടിരുന്നു.

പ്രവൃ. 19:23 ഏകദേശം ആ സമയം ഈ മാർഗത്തെ സംബന്ധിച്ച് അൽപമല്ലാത്ത അസ്വസ്ഥത ഉണ്ടായി.

പ്രവൃ. 22:4 ഞാൻ പുരുഷന്മാരെയും സ്ത്രീകളെയും ബന്ധിക്കുകയും കാരാഗൃഹങ്ങളിൽ ഏൽപ്പിക്കുകയും ചെയ്തുകൊണ്ട്, ഈ മാർഗത്തെ മരണത്തോളം ഉപദ്രവിച്ചിരുന്നു.

പ്രവൃ. 24:22 എന്നാൽ ഈ മാർഗത്തെ സംബന്ധിച്ച് കൂടുതൽ കൃത്യമായി ഫേലിക്സിന് അറിയാമായിരുന്നിട്ടും, സേനാധിപനായ ലുസിയാസ് വരുമ്പോൾ നിങ്ങളുടെ കാര്യങ്ങൾ ഞാൻ തീരുമാനിക്കാം എന്നു പറഞ്ഞ് അവധിവച്ചു.

2 പത്രൊ. 2:2 അനേകർ അവരുടെ ദുർന്നടപ്പ് പിന്തുടരും, അവർ നിമിത്തം സത്യത്തിന്റെ മാർഗം നിന്ദിക്കപ്പെടും.

2 പത്രൊ. 2:15 അവർ നേർവഴി ഉപേക്ഷിച്ചിട്ട്, ബെയോരിന്റെ മകനായ ബിലെയാമിന്റെ വഴി പിന്തുടർന്ന് വഴിതെറ്റിപ്പോയിരിക്കുന്നു, അവൻ അനീതിയുടെ കൂലിയെ സ്നേഹിച്ചു,

2 പത്രൊ. 2:21 അവർ നീതിയുടെ മാർഗം അറിഞ്ഞിട്ട് അവരെ ഏൽപ്പിച്ച വിശുദ്ധ കൽപനയിൽ നിന്ന് പുറകോട്ടു തിരിയുന്നതിനെക്കാൾ, അത് അറിയാതിരിക്കുന്നത് അവർക്ക് ഭേദമായിരുന്നു.

ലൂക്കൊ. 1:79 അന്ധകാരത്തിലും മരണത്തിന്റെ നിഴലിലും ഇരിക്കുന്നവരുടെമേൽ പ്രകാശിക്കുവാനും, സമാധാനത്തിന്റെ വഴിയിലേക്ക് നമ്മുടെ കാലുകളെ വഴികാട്ടുവാനും തന്നെ.

റോമ. 3:17 സമാധാനത്തിന്റെ മാർഗം അവർ അറിഞ്ഞിട്ടുമില്ല.

പ്രവൃ. 16:17 ഈ മനുഷ്യർ രക്ഷയുടെ മാർഗം നിങ്ങളോട് അറിയിക്കുന്ന അത്യുന്നതനായ ദൈവത്തിന്റെ അടിമകൾ ആകുന്നു എന്നു പറഞ്ഞുകൊണ്ട് ഇവൾ പൗലൊസിന്റെയും ഞങ്ങളുടെയും പിന്നാലെ വന്നു നിലവിളിച്ചു.

മത്താ. 22:16 അവർ തങ്ങളുടെ ശിഷ്യന്മാരെ ഹെരോദ്യരോടുകൂടെ അവന്റെ അടുക്കൽ അയച്ചു പറഞ്ഞത്, ഗുരോ, നീ സത്യവാനാകുന്നു എന്നും ദൈവത്തിന്റെ വഴി സത്യത്തിൽ ഉപദേശിക്കുന്നു എന്നും നീ മനുഷ്യരുടെ മുഖം കരുതാത്തതിനാൽ നീ ആരെയും ഭയപ്പെടുന്നില്ലെന്നും ഞങ്ങൾ അറിയുന്നു.

പ്രവൃ. 18:26 ഇവൻ സിനഗോഗിൽ ധൈര്യത്തോടെ സംസാരിക്കുവാൻ തുടങ്ങി. പ്രിസ്കില്ലയും അക്വിലാസും ഇവനെ കേട്ടപ്പോൾ, അവനെ തങ്ങളുടെ അടുക്കൽ കൊണ്ടുവന്ന് ദൈവത്തിന്റെ മാർഗം കൂടുതൽ കൃത്യതയോടെ അവന് വിശദീകരിച്ചുകൊടുത്തു.

യോഹ. 1:23 യെശയ്യാപ്രവാചകൻ പറഞ്ഞതുപോലെ, "കർത്താവിന്റെ വഴി നേരെയാക്കുവിൻ, എന്നു മരുഭൂമിയിൽ വിളിച്ചുപറയുന്നവന്റെ

ശബ്ദം" ആകുന്നു ഞാൻ എന്ന് അവൻ പറഞ്ഞു.

പ്രവൃ. 18:25 ഇവൻ കർത്താവിന്റെ മാർഗത്തിൽ ഉപദേശംപ്രാപിച്ചവനായിരുന്നു, അവൻ ആത്മാവിൽ തീക്ഷ്ണതയുണ്ടായിട്ട്, യോഹന്നാന്റെ സ്നാനത്തെക്കുറിച്ചു മാത്രമേ അറിഞ്ഞിരുന്നുള്ളൂ എങ്കിലും, യേശുവിനെക്കുറിച്ചുള്ള കാര്യങ്ങൾ കൃത്യമായി സംസാരിക്കുകയും ഉപദേശിക്കുകയും ചെയ്തിരുന്നു.

B. നാശത്തിലേക്ക് നയിക്കുന്ന വിശാലമായ വഴി സ്വാഭാവിക അഭിരുചികളെ തൃപ്തിപ്പെടുത്തികൊണ്ട് ലൗകിക വ്യവസ്ഥകൾക്കനുസൃതമാണ്; അവ ആൾക്കൂട്ടത്തെ നേടുക; മനുഷ്യന്റെ ജീവിതഗതി നിലനിർത്തുക; മനുഷ്യന്റെ സംരംഭം കൈവരിക്കുക എന്നിവയാണ്—മത്താ. 13:31-33; വെളി. 2:13, 20; 17:4-5.

മത്താ. 13:31 അവൻ മറ്റൊരു ഉപമ അവർക്കു മുമ്പാകെ വച്ചു പറഞ്ഞത്, സ്വർഗരാജ്യം ഒരു കടുകുമണിയോടു സദൃശം ആകുന്നു; അതിനെ ഒരു മനുഷ്യൻ എടുത്ത് തന്റെ വയലിൽ വിതച്ചു,

മത്താ. 13:32 അതു സകല വിത്തുകളിലും ചെറുതാകുന്നു; എന്നാൽ വളർന്നു കഴിയുമ്പോൾ സസ്യങ്ങളെക്കാൾ വലുതായി ആകാശത്തിലെ പറവകൾ വന്ന് അതിന്റെ ശാഖകളിൽ കൂടുകൂട്ടുവാൻ തക്കവണ്ണം ഒരു വൃക്ഷമായിത്തീരുന്നു.

മത്താ. 13:33 മറ്റൊരു ഉപമ അവൻ അവരോടു പറഞ്ഞു: സ്വർഗരാജ്യം പുളിപ്പിനോടു സദൃശമാകുന്നു; അതിനെ ഒരു സ്ത്രീ എടുത്ത് മൂന്നു ഇടങ്ങഴി മാവിൽ, അതു മുഴുവനും പുളിക്കുവോളം മറച്ചുവച്ചു.

വെളി. 2:13 നീ എവിടെ വസിക്കുന്നു എന്ന് ഞാൻ അറിയുന്നു, സാത്താന്റെ സിംഹാസനം ഉള്ളയിടം തന്നെ; സാത്താൻ വസിക്കുന്ന ഇടമായ, നിങ്ങളുടെ ഇടയിൽ കൊല്ലപ്പെട്ട, എന്റെ സാക്ഷിയും വിശ്വസ്തതനുമായ അന്തിപ്പാസിന്റെ കാലത്തുപോലും, നീ എന്റെ നാമം മുറുകെപ്പിടിക്കുന്നു എന്റെ വിശ്വാസം നിഷേധിച്ചിട്ടുമില്ല.

വെളി. 2:20 എന്നാൽ തന്നെത്താൻ പ്രവാചകി എന്നു വിളിച്ചുകൊണ്ട് ഉപദേശിക്കുകയും പരസംഗം ചെയ്യുവാനും വിഗ്രഹാർപ്പിതങ്ങൾ ഭക്ഷിക്കുവാനുമായി എന്റെ അടിമകളെ വഴിതെറ്റിക്കുകയും ചെയ്യുന്ന, ഈസേബെൽ എന്ന സ്ത്രീയെ നീ അനുവദിക്കുന്നു എന്നൊരു കാര്യം നിനക്ക് എതിരായി എനിക്കുണ്ട്.

വെളി. 17:4 ആ സ്ത്രീ ധൂമ്രവർണവും കടുംചുവപ്പു നിറവുമുള്ള വസ്ത്രം ധരിച്ച്, സ്വർണവും വിലയേറിയ കല്ലും മുത്തും പൂശിയിരുന്നു, മ്ലേച്ഛതയും തന്റെ പരസംഗത്തിന്റെ അശുദ്ധിയും നിറഞ്ഞ സ്വർണപാനപാത്രം അവളുടെ കൈയിൽ ഉണ്ടായിരുന്നു.

വെളി. 17:5 മർമം, മഹതിയാം ബാബിലോൻ, ഭൂമിയിലെ വേശ്യമാരുടെയും മ്ലേച്ഛതകളുടെയും മാതാവ് എന്നൊരു നാമം അവളുടെ നെറ്റിയിൽ എഴുതിയിരുന്നു.

C. ജീവനിലേക്കു നയിക്കുന്ന ഞെരുക്കമുള്ള വഴി ആത്മിക ആവശ്യങ്ങൾ നിറവേറ്റികൊണ്ട് ദിവ്യ നിയന്ത്രണങ്ങൾക്കനുസൃതമാണ്; അവ ദൈവം

തിരഞ്ഞെടുത്തവരെ കൊണ്ടു വരിക; യേശു ക്രിസ്തുവിന്റെ സാക്ഷ്യം വഹിക്കുക; ക്രിസ്തുവിന്റെ ശരീരത്തിന്റെ കെട്ടുപണിക്കുവേണ്ടി ദൈവത്തിന്റെ വ്യവസ്ഥ നടപ്പിലാക്കുക എന്നിവയാണ്—റോമ. 1:9; എബ്രാ. 11:5-6; വെളി. 1:1-2, 9-10.

| | |
|---|---|
| റോമ. 1:9 | ഒടുവിൽ ഏതെങ്കിലും വിധത്തിൽ നിങ്ങളുടെ അടുക്കൽ വരുവാൻ ദൈവഹിതത്തിൽ ഞാൻ അഭിവൃദ്ധിപ്പെടേണ്ടതിന് അപേക്ഷിച്ചുകൊണ്ട്, |
| എബ്രാ. 11:5 | വിശ്വാസത്താൽ ഹാനോക്, താൻ മരണം കാണാതിരിക്കുവാൻ തക്കവണ്ണം മാറ്റപ്പെട്ടു; ദൈവം അവനെ മാറ്റിയതിനാൽ അവനെ കണ്ടില്ല. മാറ്റപ്പെടുന്നതിനു മുമ്പ് അവൻ ദൈവത്തിനു സുപ്രസാദമുള്ളവൻ എന്ന സാക്ഷ്യം പ്രാപിച്ചു. |
| എബ്രാ. 11:6 | എന്നാൽ വിശ്വാസം കൂടാതെ ദൈവത്തിനു സുപ്രസാദകരമാകുക അസാധ്യമാകുന്നു, എന്തെന്നാൽ ദൈവത്തിന്റെ അടുക്കൽ മുമ്പോട്ട് വരുന്നവൻ, ദൈവം ആകുന്നു എന്നും അവനെ ശുഷ്കാന്തിയോടെ അന്വേഷിക്കുന്നവർക്ക് അവൻ പ്രതിഫലം നൽകുന്നവനാകുന്നു എന്നും വിശ്വസിക്കണം. |
| വെളി. 1:1 | യേശു ക്രിസ്തുവിന്റെ വെളിപാട്, വേഗത്തിൽ സംഭവിക്കുവാനുള്ള കാര്യങ്ങൾ തന്റെ അടിമകളെ കാണിക്കുവാനായി ദൈവം അത് അവനു നൽകി; അവൻ അത് തന്റെ ദൂതനിലൂടെ തന്റെ അടിമയായ യോഹന്നാന് അയച്ച്, അടയാളങ്ങളാൽ അതിനെ അറിയിച്ചുകൊടുത്തു, |
| വെളി. 1:2 | അവൻ ദൈവത്തിന്റെ വചനവും യേശു ക്രിസ്തുവിന്റെ സാക്ഷ്യവും, താൻ കണ്ടതൊക്കെയും സാക്ഷ്യപ്പെടുത്തി. |
| വെളി. 1:9 | നിങ്ങളുടെ സഹോദരനും യേശുവിലുള്ള കഷ്ടതയിലും രാജ്യത്തിലും സഹിഷ്ണുതയിലും സഹപങ്കാളിയുമായ യോഹന്നാൻ എന്ന ഞാൻ, ദൈവ വചനവും യേശുവിന്റെ സാക്ഷ്യവും നിമിത്തം പത്മൊസ് എന്നു വിളിക്കപ്പെടുന്ന ദ്വീപിൽ ആയിരുന്നു. |
| വെളി. 1:10 | കർത്തൃദിവസം ഞാൻ ആത്മാവിൽ ആയിരിക്കുകയും, എന്റെ പുറകിൽ കാഹളനാദംപോലെ ഉച്ചത്തിൽ ഒരു ശബ്ദം കേൾക്കുകയും ചെയ്തു, |

D. ദൈവനിയോഗിത മാർഗം എന്നത് കർത്താവിന്റെ അവാച്യമായ ജീവിതത്തിന്റെയും ശുശ്രൂഷയുടെയും മാതൃക പ്രകാരം, എപ്പോഴും ഇടുക്കമുള്ളതും ഞെരുക്കമുള്ളതുമായ ഒരു ജീവിതവും വേലയും ഉണ്ടായിരിക്കുന്നതാണ്—യോഹ. 5:19, 30; 4:34; 17:4; 14:10, 24; 7:16, 18.

| | |
|---|---|
| യോഹ. 5:19 | അപ്പോൾ യേശു അവരോട് ഉത്തരം പറഞ്ഞു, സത്യമായി, സത്യമായി, ഞാൻ നിങ്ങളോട് പറയുന്നു, പിതാവ് ചെയ്യുന്നത് എന്തെന്നു കണ്ടിട്ടല്ലാതെ പുത്രനു തന്നിൽനിന്ന് ഒന്നും ചെയ്യുവാൻ കഴിയില്ല, അവൻ ചെയ്യുന്നത് എന്തു തന്നെയായാലും, പുത്രനും അവ അങ്ങനെതന്നെ ചെയ്യുന്നു. |
| യോഹ. 5:30 | എന്നിൽനിന്ന് എനിക്ക് ഒന്നും ചെയ്യുവാൻ കഴിയില്ല; ഞാൻ കേൾക്കുന്നതുപോലെ ന്യായം വിധിക്കുന്നു, എന്റെ ന്യായവിധി |

ന്യായമുള്ളതാകുന്നു, എന്തുകൊണ്ടെന്നാൽ ഞാൻ എന്റെ സ്വന്തം ഹിതമല്ല, എന്നെ അയച്ചവന്റെ ഹിതമത്രേ അന്വേഷിക്കുന്നത്.

യോഹ. 4:34 യേശു അവരോട്, എന്റെ ആഹാരം എന്നെ അയച്ചവന്റെ ഹിതം ചെയ്ത് അവന്റെ വേല പൂർത്തിയാക്കുന്നതാകുന്നു.

യോഹ. 17:4 നീ എനിക്കു ചെയ്യുവാൻ നൽകിയിരിക്കുന്ന വേല പൂർത്തിയാക്കിക്കൊണ്ട്, ഭൂമിയിൽ ഞാൻ നിന്നെ മഹത്വപ്പെടുത്തിയിരിക്കുന്നു.

യോഹ. 14:10 ഞാൻ പിതാവിലും പിതാവ് എന്നിലും ആകുന്നു എന്നു നീ വിശ്വസിക്കുന്നില്ലയോ? ഞാൻ നിങ്ങളോട് പറയുന്ന വചനങ്ങൾ എന്നിൽനിന്നല്ല ഞാൻ സംസാരിക്കുന്നത്, എന്നിൽ വസിക്കുന്ന പിതാവ് അവന്റെ പ്രവൃത്തികൾ ചെയ്യുന്നതത്രേ.

യോഹ. 14:24 എന്നെ സ്നേഹിക്കാത്തവൻ എന്റെ വചനങ്ങളെ പാലിക്കുന്നില്ല; നിങ്ങൾ കേൾക്കുന്ന വചനമോ, എന്റേതല്ല, എന്നെ അയച്ച പിതാവിന്റേതത്രേ.

യോഹ. 7:16 യേശു അവരോട് ഉത്തരം പറഞ്ഞു, എന്റെ ഉപദേശം എന്റേതല്ല, എന്നെ അയച്ചവന്റേതത്രേ.

യോഹ. 7:18 തന്നിൽനിന്ന് സംസാരിക്കുന്നവൻ സ്വന്തമഹത്വം അന്വേഷിക്കുന്നു; തന്നെ അയച്ചവന്റെ മഹത്വം അന്വേഷിക്കുന്നവനോ, അവൻ സത്യവാൻ ആകുന്നു, അവനിൽ അനീതി ഇല്ല.

E. കർത്താവിന്റെ പ്രത്യുദ്ധാരത്തിലുള്ള നാം നമ്മുടെ ആത്മാവിൽ നടക്കണം; ആത്മാവിൽ നടക്കുന്നത്, ഒരു സാധാരണ ക്രിസ്തീയ ജീവിതം നയിക്കുവാനും ദൈവത്തിന്റെ കെട്ടുപണിക്കുവേണ്ടി ജീവന്റെ മാർഗം എടുക്കുന്ന ജീവസുറ്റ ആരോഗ്യമുള്ള വിശ്വാസികളാകുവാനും നമ്മെ ഇടയാക്കിക്കൊണ്ട് നമ്മെ നിയന്ത്രിക്കുന്നു—റോമ. 8:4; ഗലാ. 5:16, 22-23; 1 തെസ്സ. 5:16-18.

റോമ. 8:4 ജഡപ്രകാരമല്ല ആത്മാവിൻപ്രകാരം നടക്കുന്ന നമ്മിൽ, ന്യായപ്രമാണത്തിന്റെ നീതിപരമായ ആവശ്യകത, നിവൃത്തിയാകേണ്ടതിന് തന്നെ.

ഗലാ. 5:16 എന്നാൽ ഞാൻ പറയുന്നു, ആത്മാവിനാൽ നടക്കുവിൻ, നിങ്ങൾ ഒരുവിധത്തിലും ജഡത്തിന്റെ മോഹത്തെ നിവർത്തിക്കുകയില്ല.

ഗലാ. 5:22 എന്നാൽ ആത്മാവിന്റെ ഫലമോ സ്നേഹം, സന്തോഷം, സമാധാനം, ദീർഘക്ഷമ, ദയ, നന്മ, വിശ്വസ്തത,

ഗലാ. 5:23 സൗമ്യത, ഇന്ദ്രിയജയം; ഇങ്ങനെയുള്ളവയ്ക്ക് എതിരായി ഒരു ന്യായപ്രമാണവുമില്ല.

1 തെസ്സ. 5:16 എപ്പോഴും സന്തോഷിക്കുവിൻ,

1 തെസ്സ. 5:17 ഇടവിടാതെ പ്രാർഥിക്കുവിൻ,

1 തെസ്സ. 5:18 എല്ലാറ്റിലും സ്തോത്രം ചെയ്യുവിൻ; എന്തെന്നാൽ ഇതാകുന്നു നിങ്ങൾക്കു വേണ്ടി ക്രിസ്തു യേശുവിലുള്ള ദൈവഹിതം.

F. നാം അളവിന്റെ ദൈവം, ഭരിക്കുന്നവനായ ദൈവം, നമുക്ക് പകുത്തുനൽകിയിരിക്കുന്ന അതിരിന്റെ അളവിന് ഒത്തവണ്ണം നമ്മുടെ

അധ്വാനത്തിൽ നമ്മെത്തന്നെ പരിമിതപ്പെടുത്താൻ നാം പഠിക്കണം—2 കൊരി. 10:13-15.

2 കൊരി. 10:13 എന്നാൽ ഞങ്ങൾ ഞങ്ങളുടെ അളവിനപ്പുറമല്ല, അളവിന്റെ ദൈവം നിങ്ങളുടെ അടുക്കലോളം എത്തുവാൻ ഞങ്ങൾക്ക് പകുത്തുനൽകിയിരിക്കുന്ന അതിരിന്റെ അളവിന് ഒത്തവണ്ണമത്രേ പ്രശംസിക്കുകയുള്ളൂ.

2 കൊരി. 10:14 ഞങ്ങൾ നിങ്ങളുടെ അടുക്കൽ എത്താത്തതുപോലെ, ഞങ്ങളുടെ അതിരിനപ്പുറത്തേക്ക് ഞങ്ങളെത്തന്നെ നീട്ടുന്നില്ല, ഞങ്ങളല്ലോ ക്രിസ്തുവിന്റെ സുവിശേഷത്തിൽ നിങ്ങളുടെ അടുക്കലോളം ആദ്യം വന്നത്.

2 കൊരി. 10:15 ഞങ്ങളുടെ അളവിനപ്പുറം, മറ്റുള്ളവരുടെ അധ്വാനങ്ങളിൽ ഞങ്ങൾ പ്രശംസിക്കുന്നില്ല, എന്നാൽ നിങ്ങളുടെ വിശ്വാസം വർധിക്കവേ, ഞങ്ങളുടെ അതിരിനൊത്തവണ്ണം സമൃദ്ധിയിങ്കലേക്ക് നിങ്ങളിൽ മഹിമപ്പെടുവാനുള്ള പ്രത്യാശ ഉള്ളവരാകുന്നു,

G. നാം ഞെരുക്കപ്പെടുന്തോറും കൂടുതൽ നിയന്ത്രിക്കപ്പെടുന്നു; നാം കൂടുതൽ നിയന്ത്രിക്കപ്പെടുന്തോറും കൂടുതൽ ആരോഗ്യമുള്ളവരാകുന്നു; ജീവസുറ്റവരാകുക എന്നാൽ ആരോഗ്യമുള്ളവരാകുക എന്നാണ് അർഥമാക്കകുന്നത്; ഏതു മനുഷ്യനെയും ക്രിസ്തുവിൽ പൂർണവളർച്ച എത്തിയവനായി നിർത്തേണ്ടതിന് സകല ജ്ഞാനത്തോടുംകൂടെ ഏതു മനുഷ്യനെയും പ്രബോധിപ്പിക്കുവാനും ഏതു മനുഷ്യനെയും ഉപദേശിക്കുവാനും പൗലൊസ് ആഗ്രഹിച്ചു; പൗലൊസ് അത്ഭുതങ്ങളിൽ ആശ്രയിച്ചില്ല, അവന്റെ വേല വളരെയധികമായി "ഏതു മനുഷ്യനെയും" സംബന്ധിക്കുന്ന രീതിയിലായിരുന്നു—കൊലൊ. 1:28-29; പ്രവൃ. 20:19-20, 31.

കൊലൊ. 1:28 ഏതു മനുഷ്യനെയും ക്രിസ്തുവിൽ പൂർണവളർച്ച എത്തിയവനായി നിർത്തേണ്ടതിന്, സകല ജ്ഞാനത്തോടുംകൂടെ ഏതു മനുഷ്യനെയും പ്രബോധിപ്പിക്കുകയും ഏതു മനുഷ്യനെയും ഉപദേശിക്കുകയും ചെയ്തുകൊണ്ട്, അവനെ ഞങ്ങൾ അറിയിക്കുന്നു;

കൊലൊ. 1:29 അതിനായി ഞാൻ എന്നിൽ ശക്തിയോടെ വ്യാപരിക്കുന്ന അവന്റെ വ്യാപാരത്തിനൊത്തവണ്ണം പോരാടിക്കൊണ്ട് അധ്വാനിക്കുന്നു.

പ്രവൃ. 20:19 സകല താഴ്മയോടും കണ്ണുനീരോടും യെഹൂദന്മാരുടെ ഗൂഢാലോചനകളാൽ എന്റെമേൽ വന്ന പരീക്ഷണങ്ങളോടുംകൂടെ ഒരു അടിമയായി കർത്താവിനെ സേവിച്ചുകൊണ്ട്,

പ്രവൃ. 20:20 എപ്രകാരം ഞാൻ നിങ്ങളോടു പ്രസ്താവിക്കാതെയും പരസ്യമായും ഭവനംതോറും ഉപദേശിക്കാതെയും പ്രയോജനമുള്ളവ ഒന്നും പിടിച്ചുവയ്ക്കാതെ,

പ്രവൃ. 20:31 അതുകൊണ്ട്, മൂന്നു വർഷം രാത്രിയും പകലും കണ്ണുനീരോടെ നിങ്ങൾ ഓരോരുത്തനെയും ഉദ്ബോധിപ്പിക്കുന്നത് ഞാൻ നിർത്തിയില്ല എന്ന് ഓർത്തുകൊണ്ട്, ഉണർന്നിരിക്കുവിൻ.

**II. നാം ജീവന്റെ വളർച്ചയാൽ ജീവനിലുള്ള ദൈവത്തിന്റെ കെട്ടുപണിക്കുവേണ്ടി ജീവന്റെ ഒഴുക്കിൽ ജീവവൃക്ഷമായി ക്രിസ്തുവിനെ ആസ്വദിച്ചുകൊണ്ട്, ജീവന്റെ**

**മാർഗത്തിൽ, ജീവന്റെ രേഖയിൽ, ജീവന്റെ പരിപാലനത്തിൽ നിലനിൽ ക്കണം—യോഹ. 10:10; വെളി. 22:1-2; എഫെ. 4:16; 2:21-22:**

| | |
|---|---|
| യോഹ. 10:10b | ...അവർക്ക് ജീവൻ ഉണ്ടാകുവാനും സമൃദ്ധമായി ഉണ്ടാകുവാനും ഞാൻ വന്നിരിക്കുന്നു. |
| വെളി. 22:1 | വീഥിയുടെ നടുവിൽ, ദൈവത്തിന്റെയും കുഞ്ഞാടിന്റെയും സിംഹാസനത്തിൽനിന്നു പുറപ്പെടുന്നതായ, പളുങ്കുപോലെ ശുഭ്രമായ, ജീവജല നദി അവൻ എന്നെ കാണിച്ചു. |
| വെളി. 22:2 | നദിയുടെ ഇക്കരെയും അക്കരെയും ജീവവൃക്ഷം ഉണ്ടായിരുന്നു, അത് പന്ത്രണ്ടു ഫലം പുറപ്പെടുവിച്ചുകൊണ്ട്, ഓരോ മാസവും അതിന്റെ ഫലം കായ്ക്കുന്നു; വൃക്ഷത്തിന്റെ ഇലകൾ, രാഷ്ട്രങ്ങളുടെ സൗഖ്യത്തിനു വേണ്ടിയാകുന്നു. |
| എഫെ. 4:16 | അവനിൽനിന്ന് ശരീരം മുഴുവനും, സമ്പന്ന സഹായത്തിന്റെ സകല സന്ധിയിലൂടെയും ഓരോ അംഗത്തിന്റെ അളവിലുള്ള, വ്യാപാരത്തിലൂടെയും കൂട്ടിച്ചേർക്കപ്പെട്ടും കൂട്ടിയിണയ്ക്കപ്പെട്ടുംകൊണ്ട്, സ്നേഹത്തിൽ അതിന്റെതന്നെ കെട്ടുപണിക്കായി ശരീരത്തിന്റെ വളർച്ചയ്ക്ക് ഇടയാക്കുന്നു. |
| എഫെ. 2:21 | അവനിൽ കെട്ടിടം മുഴുവൻ, യുക്തമായി ചേർന്ന്, കർത്താവിൽ വിശുദ്ധ ആലയമായി വളരുന്നു; |
| എഫെ. 2:22 | അവനിൽ, നിങ്ങളും ആത്മാവിൽ ദൈവത്തിന്റെ വാസസ്ഥലമായി ഒന്നിച്ചു പണിയപ്പെടുന്നു. |

A. ശരിയും തെറ്റും എന്ന തത്വത്തിനൊത്തവണ്ണമല്ല, ജീവന്റെ തത്വത്തിനൊത്തവണ്ണം ജീവിക്കുകയും സേവിക്കുകയും ചെയ്തുകൊണ്ട് നാം ജീവന്റെ മാർഗത്തിൽ നിലനിൽക്കുന്നു.

B. കർത്താവിനെ പൂർണമായി സ്നേഹിച്ചുകൊണ്ടും, മറ്റുള്ളവരെ അവന്റെ പിന്നാലെ ഓടാൻ ആകർഷിച്ചുകൊണ്ടും നാം ജീവന്റെ മാർഗത്തിൽ നിലനിൽക്കുന്നു—മർക്കൊ. 12:30; ഉത്ത. 1:4.

| | |
|---|---|
| മർക്കൊ. 12:30 | നിന്റെ ദൈവമായ കർത്താവിനെ നിന്റെ പൂർണ ഹൃദയത്തിൽനിന്നും, നിന്റെ പൂർണ ദേഹിയിൽനിന്നും, നിന്റെ പൂർണ മനസ്സിൽനിന്നും, നിന്റെ പൂർണ ശക്തിയിൽനിന്നും, നീ സ്നേഹിക്കേണം." |
| ഉത്ത. 1:4 | നിന്റെ പിന്നാലെ എന്നെ വലിക്ക... |

C. പ്രാർഥനാവായനയിലൂടെയും വചനത്തെ ധ്യാനിക്കുന്ന തിലൂടെയും യേശുവിനെ ഭക്ഷിച്ചുകൊണ്ടും നമ്മുടെ ആത്മാവിനെ പ്രയോഗിച്ചുകൊണ്ട് വചനത്തെ ആത്മാവായി മറ്റുള്ളവരിലേക്ക് ശുശ്രൂഷിച്ചുകൊണ്ടും നാം ജീവന്റെ മാർഗത്തിൽ നിലനിൽക്കുന്നു—യോഹ. 6:57, 63; എഫെ. 6:17-18; സങ്കീ. 119:15; യിരെ. 15:16; മത്താ. 4:4; 24:45; 1 കൊരി. 2:4-5, 13.

| | |
|---|---|
| യോഹ. 6:57 | ജീവനുള്ള പിതാവ് എന്നെ അയച്ചിട്ട്, ഞാൻ പിതാവിന്മൂലം ജീവിക്കുന്നതുപോലെ, എന്നെ ഭക്ഷിക്കുന്നവൻ എന്മൂലം ജീവിക്കും. |
| യോഹ. 6:63 | ജീവൻ നൽകുന്നത് ആത്മാവാകുന്നു; മാംസം ഒന്നിനും പ്രയോജനപ്പെടുന്നില്ല; ഞാൻ നിങ്ങളോടു സംസാരിച്ചിരിക്കുന്ന വചനങ്ങൾ ആത്മാവും ജീവനും ആകുന്നു. |

എഫെ. 6:17 — രക്ഷയുടെ ശിരസ്ത്രവും ആത്മാവിന്റെ വാളും കൈക്കൊള്ളുവിൻ, ആ ആത്മാവ് ദൈവവചനം ആകുന്നു,

എഫെ. 6:18 — സകല പ്രാർഥനയും അപേക്ഷയും മുഖാന്തരം, ഏത് നേരത്തും ആത്മാവിൽ പ്രാർഥിച്ചും സകല സ്ഥിരോത്സാഹത്തോടെ ഇതിനായി ജാഗരിച്ചുംകൊണ്ട്, സകല വിശുദ്ധന്മാർക്കും,

സങ്കീ. 119:15 — ഞാൻ നിന്റെ പ്രമാണങ്ങളെ ധ്യാനിക്കയും നിന്റെ വഴികളെ സൂക്ഷിക്കയും ചെയ്യുന്നു.

Note 1 — Rich in meaning, the Hebrew word for muse (often translated meditate in the KJV) implies to worship, to converse with oneself, and to speak aloud. To muse on the word is to taste and enjoy it through careful considering. Prayer, speaking to oneself, and praising the Lord may also be included in musing on the word. To muse on the word of God is to enjoy His word as His breath (2 Tim. 3:16) and thus to be infused with God, to breathe God in, and to receive spiritual nourishment.

യിരെ. 15:16 — ഞാൻ നിന്റെ വചനങ്ങളെ കണ്ടെത്തി ഭക്ഷിച്ചിരിക്കുന്നു; നിന്റെ വചനങ്ങൾ എനിക്കു സന്തോഷവും എന്റെ ഹൃദയത്തിന്നു ആനന്ദവും ആയി; സൈന്യങ്ങളുടെ ദൈവമായ യഹോവേ, നിന്റെ നാമം എനിക്കു വിളിക്കപ്പെട്ടിരിക്കുന്നുവല്ലോ.

മത്താ. 4:4 — എന്നാൽ അവൻ, “മനുഷ്യൻ അപ്പംകൊണ്ട് മാത്രമല്ല, ദൈവത്തിന്റെ വായിലൂടെ പുറപ്പെടുന്ന സകല വചനം കൊണ്ടും ജീവിക്കും” എന്ന് എഴുതിയിരിക്കുന്നു എന്ന് ഉത്തരം പറഞ്ഞു.

മത്താ. 24:45 — അപ്പോൾ, യജമാനൻ തന്റെ ഭവനക്കാർക്കുമേൽ, അവർക്കു ശരിയായസമയത്തു ഭക്ഷണം കൊടുക്കുവാനായി ആക്കിവച്ചിരിക്കുന്ന വിശ്വസ്തനും വിവേകവുമുള്ള അടിമ ആരാകുന്നു?

1 കൊരി. 2:4 — എന്റെ സംസാരവും എന്റെ പ്രഖ്യാപനവും ജ്ഞാനത്തിന്റെ വശീകരണ വാക്കുകളിൽ അല്ല ആത്മാവിന്റെയും ശക്തിയുടെയും പ്രദർശനത്തിലത്രേ ആയിരുന്നത്.

1 കൊരി. 2:5 — അത് നിങ്ങളുടെ വിശ്വാസം മനുഷ്യരുടെ ജ്ഞാനത്തിൽ അല്ല, മറിച്ച് ദൈവത്തിന്റെ ശക്തിയിൽ നിൽക്കേണ്ടതിനായിരുന്നു.

1 കൊരി. 2:13 — ആത്മിക കാര്യങ്ങളെ ആത്മിക വചനങ്ങളാൽ വ്യാഖ്യാനിച്ചു കൊണ്ട്, മാനുഷിക ജ്ഞാനം പഠിപ്പിച്ച വചനങ്ങളിൽ അല്ല ആത്മാവ് പഠിപ്പിച്ച വചനങ്ങളിലത്രേ ഇവയെ ഞങ്ങൾ സംസാരിക്കുന്നത്.

D. അതിന്റെ ദിവ്യ പ്രാപ്തിയോടുകൂടെ ജീവന്റെ ആത്മാവിന്റെ പ്രമാണമായി ത്രിയേക ദൈവത്തെ ആസ്വദിച്ചുകൊണ്ട് നാം ജീവന്റെ മാർഗത്തിൽ നിലനിൽക്കുന്നു—റോമ. 8:2; യിരെ. 32:39.

റോമ. 8:2 — എന്തെന്നാൽ ജീവന്റെ ആത്മാവിന്റെ പ്രമാണം എന്നെ പാപത്തിന്റെയും മരണത്തിന്റെയും പ്രമാണത്തിൽനിന്ന് ക്രിസ്തു യേശുവിൽ സ്വതന്ത്രനാക്കിയിരിക്കുന്നു.

യിരെ. 32:39 — അവർക്കും അവരുടെ ശേഷം അവരുടെ മക്കൾക്കും ഗുണംവരത്തക്കവണ്ണം അവർ എന്നെ എന്നേക്കും ഭയപ്പെടേണ്ടതിന്നു ഞാൻ അവർക്കു ഏകമനസ്സും

ഏകമാർഗ്ഗവും കൊടുക്കും.

E. അവന്റെ തലയായ്മയിൻകീഴിൽ ജീവന്റെ ഒഴുക്കിൽ ജീവ വൃക്ഷമെന്ന നിലയിൽ ക്രിസ്തുവിൽ വസിച്ചുകൊണ്ടും അവന്റെ ദിവ്യ പ്രകൃതത്തിനൊത്തവണ്ണവും നാം ജീവന്റെ മാർഗത്തിൽ നിലനിൽക്കുന്നു—വെളി. 22:1-2.

| | |
|---|---|
| വെളി. 22:1 | വീഥിയുടെ നടുവിൽ, ദൈവത്തിന്റെയും കുഞ്ഞാടിന്റെയും സിംഹാസനത്തിൽനിന്നു പുറപ്പെടുന്നതായ, പളുങ്കുപോലെ ശുഭ്രമായ, ജീവജല നദി അവൻ എന്നെ കാണിച്ചു. |
| വെളി. 22:2 | നദിയുടെ ഇക്കരെയും അക്കരെയും ജീവവൃക്ഷം ഉണ്ടായിരുന്നു, അത് പന്ത്രണ്ടു ഫലം പുറപ്പെടുവിച്ചുകൊണ്ട്, ഓരോ മാസവും അതിന്റെ ഫലം കായ്ക്കുന്നു; വൃക്ഷത്തിന്റെ ഇലകൾ, രാഷ്ട്രങ്ങളുടെ സൗഖ്യത്തിനു വേണ്ടിയാകുന്നു. |

F. നാം ബന്ധപ്പെടുന്ന ആളുകളെക്കുറിച്ച് ശ്രദ്ധാലുക്കളായിരിക്കുന്നതിലൂടെയും—വന്യമായ മരണം, സാവധാനമുള്ള മരണം, കൗശലപരമായ മരണം—എന്നിങ്ങനെ എല്ലാത്തരം ആത്മിക മരണത്തിൽനിന്നും ദൈവത്തിനായി വേർതിരിക്കപ്പെടുന്നതിലൂടെയും നാം ജീവന്റെ മാർഗത്തിൽ നില നിൽക്കുന്നു—ലേവ്യ. 5:2; 11:1-40; സംഖ്യ. 6:6-7.

| | |
|---|---|
| ലേവ്യ. 5:2 | ശുദ്ധിയില്ലാത്ത കാട്ടുമൃഗത്തിന്റെ പിണമോ ശുദ്ധിയില്ലാത്ത നാട്ടുമൃഗത്തിന്റെ പിണമോ ശുദ്ധിയില്ലാത്ത ഇഴജാതിയുടെ പിണമോ ഇങ്ങനെ വല്ല അശുദ്ധവസ്തുവും ഒരുത്തൻ തൊടുകയും അതു അവന്നു മറവായിരിക്കയും ചെയ്താൽ അവൻ അശുദ്ധനും കുറ്റക്കാരനും ആകുന്നു. |
| ലേവ്യ. 11:1 | യഹോവ പിന്നെയും മോശെയോടും അഹരോനോടും അരുളിച്ചെയ്തതു: |
| ലേവ്യ. 11:2 | നിങ്ങൾ യിസ്രായേൽമക്കളോടു പറയേണ്ടതു എന്തെന്നാൽ: ഭൂമിയിലുള്ള സകലമൃഗങ്ങളിലും നിങ്ങൾക്കു തിന്നാകുന്ന മൃഗങ്ങൾ ഇവ: |
| ലേവ്യ. 11:3 | മൃഗങ്ങളിൽ കുളമ്പു പിളർന്നിരിക്കുന്നതും കുളമ്പു രണ്ടായി പിരിഞ്ഞിരിക്കുന്നതും അയവിറക്കുന്നതുമായതൊക്കെയും നിങ്ങൾക്കു തിന്നാം. |
| ലേവ്യ. 11:4 | എന്നാൽ അയവിറക്കുന്നവയിലും കുളമ്പു പിളർന്നിരിക്കുന്നവയിലും നിങ്ങൾ തിന്നരുതാത്തവ ഇവ: ഒട്ടകം; അയവിറക്കുന്നു എങ്കിലും കുളമ്പു പിളർന്നതല്ലായ്കകൊണ്ടു അതു നിങ്ങൾക്കു അശുദ്ധം. |
| ലേവ്യ. 11:5 | കുഴിമുയൽ; അയവിറക്കുന്നു എങ്കിലും കുളമ്പു പിളർന്നതല്ലായ്കയാൽ അതു നിങ്ങൾക്കു അശുദ്ധം. |
| ലേവ്യ. 11:6 | മുയൽ; അയവിറക്കുന്നു എങ്കിലും കുളമ്പു പിളർന്നതല്ലായ്കയാൽ അതു നിങ്ങൾക്കു അശുദ്ധം. |
| ലേവ്യ. 11:7 | പന്നി; കുളമ്പു പിളർന്നതായി കുളമ്പു രണ്ടായി പിരിഞ്ഞിരിക്കുന്നതു തന്നേ എങ്കിലും അയവിറക്കുന്നതല്ലായ്കയാൽ അതു നിങ്ങൾക്കു അശുദ്ധം. |
| ലേവ്യ. 11:8 | ഇവയുടെ മാംസം നിങ്ങൾ തിന്നരുതു; പിണം തൊടുകയും അരുതു; ഇവ നിങ്ങൾക്കു അശുദ്ധം. |

| | |
|---|---|
| ലേവ്യ. 11:9 | വെള്ളത്തിലുള്ള എല്ലാറ്റിലുംവെച്ചു നിങ്ങൾക്കു തിന്നാകുന്നവ ഇവ: കടലുകളിലും നദികളിലും ഉള്ള വെള്ളത്തിൽ ചിറകും ചെതുമ്പലും ഉള്ളവ ഒക്കെയും നിങ്ങൾക്കു തിന്നാം. |
| ലേവ്യ. 11:10 | എന്നാൽ കടലുകളിലും നദികളിലുംഉള്ള വെള്ളത്തിൽ ചലനംചെയ്യുന്ന എല്ലാറ്റിലും വെള്ളത്തിലുള്ള സകലജന്തുക്കളിലും ചിറകും ചെതുമ്പലുമില്ലാത്തതു ഒക്കെയും നിങ്ങൾക്കു അറെപ്പായിരിക്കേണം. |
| ലേവ്യ. 11:11 | അവ നിങ്ങൾക്കു അറെപ്പായി തന്നേ ഇരിക്കേണം; അവയുടെ മാംസം തിന്നരുതു; അവയുടെ പിണം നിങ്ങൾക്കു അറെപ്പായിരിക്കേണം. |
| ലേവ്യ. 11:12 | ചിറകും ചെതുമ്പലും ഇല്ലാതെ വെള്ളത്തിൽ ഉള്ളതൊക്കെയും നിങ്ങൾക്കു അറെപ്പു ആയിരിക്കേണം. |
| ലേവ്യ. 11:13 | പക്ഷികളിൽ നിങ്ങൾക്കു അറെപ്പായിരിക്കേണ്ടുന്നവ ഇവ: അവയെ തിന്നരുതു; അവ അറെപ്പു ആകുന്നു: കഴുകൻ, ചെമ്പരുന്തു, |
| ലേവ്യ. 11:14 | കടൽറാഞ്ചൻ, ഗൃദ്ധ്രം, അതതുവിധം പരുന്തു, |
| ലേവ്യ. 11:15 | അതതുവിധം കാക്ക, ഒട്ടകപ്പക്ഷി, |
| ലേവ്യ. 11:16 | പുള്ളു, കടൽകാക്ക, അതതുവിധം പ്രാപ്പിടിയൻ, |
| ലേവ്യ. 11:17 | നത്തു, നീർക്കാക്ക, കൂമൻ, മൂങ്ങ, |
| ലേവ്യ. 11:18 | വേഴാമ്പൽ, കുടുമ്മച്ചാത്തൻ, പെരിഞ്ഞാറ, |
| ലേവ്യ. 11:19 | അതതതുവിധം കൊക്കു, കുളക്കോഴി, നരിച്ചീർ എന്നിവയും |
| ലേവ്യ. 11:20 | ചിറകുള്ള ഇഴജാതിയിൽ നാലുകാൽകൊണ്ടു നടക്കുന്നതു ഒക്കെയും നിങ്ങൾക്കു അറെപ്പായിരിക്കേണം. |
| ലേവ്യ. 11:21 | എങ്കിലും ചിറകുള്ള ഇഴജാതിയിൽ നാലുകാൽകൊണ്ടു നടക്കുന്ന എല്ലാറ്റിലും നിലത്തു കുതിക്കേണ്ടതിന്നു കാലിന്മേൽ തുട ഉള്ളവയെ നിങ്ങൾക്കു തിന്നാം. |
| ലേവ്യ. 11:22 | ഇവയിൽ അതതുവിധം വെട്ടുക്കിളി, അതതുവിധം വിട്ടിൽ, അതതുവിധം ചീവീടു, അതതുവിധം തുള്ളൻ എന്നിവയെ നിങ്ങൾക്കു തിന്നാം. |
| ലേവ്യ. 11:23 | ചിറകും നാലുകാലുമുള്ള ശേഷം ഇഴജാതി ഒക്കെയും നിങ്ങൾക്കു അറെപ്പായിരിക്കേണം. |
| ലേവ്യ. 11:24 | അവയാൽ നിങ്ങൾ അശുദ്ധരാകും: അവയുടെ പിണം തൊടുന്നവനെല്ലാം സന്ധ്യവരെ അശുദ്ധൻ ആയിരിക്കേണം. |
| ലേവ്യ. 11:25 | അവയുടെ പിണം വഹിക്കുന്നവനെല്ലാം വസ്ത്രം അലക്കി സന്ധ്യവരെ അശുദ്ധനായിരിക്കേണം. |
| ലേവ്യ. 11:26 | കുളമ്പു പിളർന്നതെങ്കിലും കുളമ്പു രണ്ടായി പിരിയാതെയും അയവിറക്കാതെയും ഇരിക്കുന്ന സകലമൃഗവും നിങ്ങൾക്കു അശുദ്ധം; അവയെ തൊടുന്നവനെല്ലാം അശുദ്ധൻ ആയിരിക്കേണം. |
| ലേവ്യ. 11:27 | നാലുകാൽകൊണ്ടു നടക്കുന്ന സകലമൃഗങ്ങളിലും ഉള്ളങ്കാൽ പതിച്ചു നടക്കുന്നവ ഒക്കെയും നിങ്ങൾക്കു അശുദ്ധം; അവയുടെ പിണം തൊടുന്നവനെല്ലാം സന്ധ്യവരെ അശുദ്ധൻ ആയിരിക്കേണം. |
| ലേവ്യ. 11:28 | അവയുടെ പിണം വഹിക്കുന്നവൻ വസ്ത്രം അലക്കി |

| | |
|---|---|
| | സന്ധ്യവരെ അശുദ്ധനായിരിക്കേണം; അവ നിങ്ങൾക്കു അശുദ്ധം. |
| ലേവ്യ. 11:29 | നിലത്തു ഇഴയുന്ന ഇഴജാതിയിൽ നിങ്ങൾക്കു അശുദ്ധമായവ ഇവ: |
| ലേവ്യ. 11:30 | പെരിച്ചാഴി, എലി, അതതുവിധം ഉടുമ്പു, അളുങ്കു, ഓന്തു, പല്ലി, അരണ, തുരവൻ. |
| ലേവ്യ. 11:31 | എല്ലാ ഇഴജാതിയിലുംവെച്ചു ഇവ നിങ്ങൾക്കു അശുദ്ധം; അവ ചത്തശേഷം അവയെ തൊടുന്നവനെല്ലാം സന്ധ്യവരെ അശുദ്ധൻ ആയിരിക്കേണം. |
| ലേവ്യ. 11:32 | ചത്തശേഷം അവയിൽ ഒന്നു ഏതിന്മേൽ എങ്കിലും വീണാൽ അതൊക്കെയും അശുദ്ധമാകും; അതു മരപ്പാത്രമോ വസ്ത്രമോ തോലോ ചാക്കുശീലയോ വേലെക്കു ഉപയോഗിക്കുന്ന പാത്രമോ എന്തായാലും വെള്ളത്തിൽ ഇടേണം; അതു സന്ധ്യവരെ അശുദ്ധമായിരിക്കേണം; പിന്നെ ശുദ്ധമാകും. |
| ലേവ്യ. 11:33 | അവയിൽ യാതൊന്നെങ്കിലും ഒരു മൺപാത്രത്തിന്നകത്തു വീണാൽ അതിന്നകത്തുള്ളതു ഒക്കെയും അശുദ്ധമാകും; നിങ്ങൾ അതു ഉടെച്ചുകളയേണം. |
| ലേവ്യ. 11:34 | തിന്നുന്ന വല്ല സാധനത്തിന്മേലും ആ വെള്ളം വീണാൽ അതു അശുദ്ധമാകും; കുടിക്കുന്ന വല്ല പാനീയവും ആ വക പാത്രത്തിൽ ഉണ്ടെങ്കിൽ അതു അശുദ്ധമാകും; |
| ലേവ്യ. 11:35 | അവയിൽ ഒന്നിന്റെ പിണം വല്ലതിന്മേലും വീണാൽ അതു ഒക്കെയും അശുദ്ധമാകും: അടുപ്പോ തീച്ചട്ടിയോ ഇങ്ങനെ എന്തായാലും അതു തകർത്തുകളയേണം; അവ അശുദ്ധം ആകുന്നു; അവ നിങ്ങൾക്കു അശുദ്ധം ആയിരിക്കേണം. |
| ലേവ്യ. 11:36 | എന്നാൽ നീരുറവും വെള്ളമുള്ള കിണറും ശുദ്ധമായിരിക്കും; പിണം തൊടുന്നവനോ അശുദ്ധനാകും. |
| ലേവ്യ. 11:37 | വിതെക്കുന്ന വിത്തായ വല്ല ധാന്യത്തിന്മേലും അവയിൽ ഒന്നിന്റെ പിണം വീണാലും അതു ശുദ്ധമായിരിക്കും. |
| ലേവ്യ. 11:38 | എന്നാൽ വിത്തിൽ വെള്ളം ഒഴിച്ചിട്ടു അവയിൽ ഒന്നിന്റെ പിണം അതിന്മേൽ വീണാൽ അതു അശുദ്ധം. |
| ലേവ്യ. 11:39 | നിങ്ങൾക്കു തിന്നാകുന്ന ഒരു മൃഗം ചത്താൽ അതിന്റെ പിണം തൊടുന്നവൻ സന്ധ്യവരെ അശുദ്ധൻ ആയിരിക്കേണം. |
| ലേവ്യ. 11:40 | അതിന്റെ പിണം തിന്നുന്നവൻ വസ്ത്രം അലക്കി സന്ധ്യവരെ അശുദ്ധനായിരിക്കേണം; അതിന്റെ പിണം വഹിക്കുന്നവനും വസ്ത്രം അലക്കി സന്ധ്യവരെ അശുദ്ധനായിരിക്കേണം. |
| സംഖ്യ. 6:6 | അവൻ യഹോവെക്കു തന്നെത്താൻ സമർപ്പിച്ചിരിക്കുന്ന കാലത്തൊക്കെയും ശവത്തിന്റെ അടുക്കൽ ചെല്ലരുതു; |
| സംഖ്യ. 6:7 | അപ്പൻ, അമ്മ, സഹോദരൻ, സഹോദരി എന്നിവരിൽ ആരെങ്കിലും മരിക്കുമ്പോൾ അവരാൽ അവൻ തന്നെത്താൻ അശുദ്ധനാകരുതു; അവന്റെ ദൈവത്തിന്റെ നാസീർവ്രതം അവന്റെ തലയിൽ ഇരിക്കുന്നു; |

G. പുനരുത്ഥാനത്തിൽ, പുനരുത്ഥാന ജീവന്റെ വൃക്ഷമായ പൊൻ നിലവിളക്ക് സൂചിപ്പിക്കുന്ന ക്രിസ്തുവിന്റെ ശരീരമായ സഭയുടെ

യാഥാർഥ്യത്തിൽ ജീവിച്ചുകൊണ്ട് നാം ജീവന്റെ മാർഗത്തിൽ നിലനിൽക്കുന്നു—എഫെ. 1:22-23; പുറ. 25:31-40; വെളി. 1:11-12.

എഫെ. 1:22 സകലവും അവന്റെ കാൽക്കീഴിൽ കീഴ്പ്പെടുത്തുകയും അവനെ എല്ലാറ്റിനുംമീതെ തലയാക്കി,

എഫെ. 1:23 എല്ലാറ്റിലും എല്ലാം നിറയ്ക്കുന്നവന്റെ നിറവായ അവന്റെ ശരീരമായ, സഭയ്ക്ക് നൽകുകയും ചെയ്തു.

പുറ. 25:31 തങ്കംകൊണ്ടു ഒരു നിലവിളക്കു ഉണ്ടാക്കേണം. നിലവിളക്കു അടിപ്പുപണിയായിരിക്കേണം. അതിന്റെ ചുവടും തണ്ടും പുഷ്പപുടങ്ങളും മുട്ടുകളും പൂക്കളും അതിൽനിന്നു തന്നേ ആയിരിക്കേണം.

പുറ. 25:32 നിലവിളക്കിന്റെ മൂന്നു ശാഖ ഒരു വശത്തുനിന്നും നിലവിളക്കിന്റെ മൂന്നു ശാഖ മറ്റെ വശത്തുനിന്നും ഇങ്ങനെ ആറു ശാഖ അതിന്റെ പാർശ്വങ്ങളിൽനിന്നു പുറപ്പെടേണം.

പുറ. 25:33 ഒരു ശാഖയിൽ ഓരോ മുട്ടും ഓരോ പൂവുമായി ബദാംപൂപോലെ മൂന്നു പുഷ്പപുടവും മറ്റൊരു ശാഖയിൽ ഓരോ മുട്ടും ഓരോ പൂവുമായി ബദാംപൂപോലെ മൂന്നു പുഷ്പപുടവും ഉണ്ടായിരിക്കേണം; നിലവിളക്കിൽനിന്നു പുറപ്പെടുന്ന ആറു ശാഖെക്കും അങ്ങനെ തന്നേ വേണം.

പുറ. 25:34 വിളക്കുതണ്ടിലോ മുട്ടുകളോടും പൂക്കളോടും കൂടിയ ബദാംപൂപോലെ നാലു പുഷ്പപുടം ഉണ്ടായിരിക്കേണം.

പുറ. 25:35 അതിൽനിന്നുള്ള രണ്ടു ശാഖെക്കു കീഴെ ഒരു മുട്ടും മറ്റു രണ്ടു ശാഖെക്കു കീഴെ ഒരു മുട്ടും മറ്റു രണ്ടു ശാഖെക്കു കീഴെ ഒരു മുട്ടും ഇങ്ങനെ നിലവിളക്കിൽനിന്നു പുറപ്പെടുന്ന ആറു ശാഖെക്കും വേണം.

പുറ. 25:36 അവയുടെ മുട്ടുകളും ശാഖകളും അതിൽനിന്നു തന്നേ ആയിരിക്കേണം; മുഴുവനും തങ്കംകൊണ്ടു ഒറ്റ അടിപ്പുപണി ആയിരിക്കേണം.

പുറ. 25:37 അതിന്നു ഏഴു ദീപം ഉണ്ടാക്കി നേരെ മുമ്പോട്ടു പ്രകാശിപ്പാൻ തക്കവണ്ണം ദീപങ്ങളെ കൊളുത്തേണം.

പുറ. 25:38 അതിന്റെ ചവണകളും കരിന്തിരിപ്പാത്രങ്ങളും തങ്കംകൊണ്ടു ആയിരിക്കേണം.

പുറ. 25:39 അതും ഈ ഉപകരണങ്ങൾ ഒക്കെയും ഒരു താലന്തു തങ്കംകൊണ്ടു ഉണ്ടാക്കേണം.

പുറ. 25:40 പർവ്വതത്തിൽവെച്ചു കാണിച്ചുതന്ന മാതൃകപ്രകാരം അവയെ ഉണ്ടാക്കുവാൻ സൂക്ഷിച്ചുകൊള്ളേണം.

വെളി. 1:11 അതു പറഞ്ഞത്, നീ കാണുന്നത് ഒരു ചുരുളിൽ എഴുതി ഏഴു സഭകൾക്ക്: എഫെസൊസിനും സ്മുർന്നയ്ക്കും പെർഗ്ഗമൊസിനും തുയഥൈരയ്ക്കും സർദ്ദിസിനും ഫിലദെൽഫ്യയ്ക്കും ലവൊദിക്യക്കും അയയ്ക്കുക.

വെളി. 1:12 എന്നോട് സംസാരിച്ച ശബ്ദം കാണുവാൻ ഞാൻ തിരിഞ്ഞു; തിരിഞ്ഞപ്പോൾ, ഏഴു, പൊൻനിലവിളക്കുകളെയും,

**III. സഭയ്ക്കു വേണ്ടിയുള്ള ദൈവനിയോഗിത പാത ഫിലദെൽഫ്യയുടെ മാർഗമാണ്; ഈ ദൈവനിയോഗിത പാത ജീവനിലേക്കു നയിക്കുന്ന ഞെരുക്കമുള്ള വഴിയാണ്:**

A. ഫിലദെൽഫ്യയിലെ ജയാളികളുടെ സവിശേഷത അവരുടെ സഹോദരസ്നേഹമാണ് (3:7-8); സ്നേഹം അവർക്കിടയിൽ പ്രബല മായിരിക്കുന്നു—ദൈവത്തിന്റെ സന്തോഷി പ്പിക്കുന്ന സാന്നിധ്യത്താൽ അവരെ പരിലാളിച്ചുകൊണ്ടും ദൈവത്തിന്റെ വ്യവസ്ഥയുടെ ആരോഗ്യകരമായ ഉപദേശത്താൽ അവരെ പോഷിപ്പിച്ചുകൊണ്ടും (എഫെ. 4:11; 5:29; പ്രവൃ. 20:28) ദൈവത്തിനൊത്തവണ്ണം ജനത്തെ മേയ്ക്കുവാൻ തക്കവണ്ണം (1 പത്രൊ. 5:2).

| | |
|---|---|
| വെളി. 3:7 | ഫിലദെൽഫ്യയിലുള്ള സഭയുടെ ദൂതന് എഴുതുക: വിശുദ്ധനും, സത്യവാനും, ദാവീദിന്റെ താക്കോലുള്ളവനും, ആരും അടയ്ക്കാതവണ്ണം തുറക്കുകയും, ആരും തുറക്കാതവണ്ണം അടയ്ക്കുകയും ചെയ്യുന്നവൻ അരുളിച്ചെയ്യുന്നു: |
| വെളി. 3:8 | നിന്റെ പ്രവൃത്തികൾ ഞാൻ അറിയുന്നു; ഇതാ, ഞാൻ ആർക്കും അടയ്ക്കുവാൻ കഴിയാത്ത ഒരു തുറന്ന വാതിൽ നിനക്കു മുമ്പാകെ വച്ചിരിക്കുന്നു, എന്തുകൊണ്ടെന്നാൽ നിനക്ക് അൽപമേ ശക്തിയുള്ളൂ, നീ എന്റെ വചനം കാത്തു, എന്റെ നാമം നിഷേധിച്ചതുമില്ല. |
| 1 പത്രൊ. 5:2 | നിങ്ങളുടെ ഇടയിലുള്ള ദൈവത്തിന്റെ ആട്ടിൻകൂട്ടത്തെ മേയ്ക്കുവിൻ, നിർബന്ധത്താലല്ല ദൈവത്തിനൊത്തവണ്ണം മനസ്സോടെയും, നീച മാർഗത്തിലൂടെ നേട്ടം അന്വേഷിച്ചുകൊണ്ടല്ല ഉൽസാഹത്തോടെയും, |
| എഫെ. 4:11 | അവൻതന്നെ ചിലരെ അപ്പൊസ്തലന്മാരായും ചിലരെ പ്രവാചകന്മാരായും ചിലരെ സുവിശേഷകന്മാരായും ചിലരെ ഇടയന്മാരും ഉപദേഷ്ടാക്കന്മാരായും നൽകി, |
| എഫെ. 5:29 | ആരും തന്റെ സ്വന്തം ജഡത്തെ ഒരിക്കലും വെറുത്തിട്ടില്ല, ക്രിസ്തുവും സഭയോട് ചെയ്യുന്നതുപോലെ, അതിനെ പരിപോഷിപ്പിക്കുകയും പരിലാളിക്കുകയുമത്രേ ചെയ്യുന്നത്, |
| പ്രവൃ. 20:28 | നിങ്ങളെത്തന്നെയും, ദൈവം തന്റെ സ്വന്തരക്തം മുഖാന്തരം നേടിയ തന്റെ സഭയെ മേയ്ക്കുവാൻ അവരുടെ ഇടയിൽ പരിശുദ്ധാത്മാവ് നിങ്ങളെ മേൽവിചാരകരാക്കി വച്ച സകല ആട്ടിൻകൂട്ടത്തെയും സൂക്ഷിച്ചുകൊള്ളുവിൻ. |

B. ഫിലദെൽഫ്യയാലുള്ള കർത്താവിന്റെ പ്രത്യുദ്ധാരം ഗുണത്തിലുള്ള ഒരു പ്രത്യുദ്ധാരമാണ്, സഭയുടെ യഥാർഥ സാരാംശത്തിന്റെ, ദൈവത്തിന്റെ ആന്തരിക സാരാംശമായ സ്നേഹത്തിന്റെ ഒരു പ്രത്യുദ്ധാരമാണ് (1 യോഹ. 4:8); സഭയുടെ അടിത്തറയായ, ഒരുമയുടെ വാസ്തവമായ അടിത്തറയിന്മേൽ നിൽക്കുന്നത്, എല്ലാ സഹോദരന്മാരെയും സ്നേഹിക്കുവാൻ തിരഞ്ഞെടുക്കുന്നതാണ് (വെളി. 3:7; 2:4, 7).

| | |
|---|---|
| 1 യോഹ. 4:8 | സ്നേഹിക്കാത്തവൻ ദൈവത്തെ അറിഞ്ഞിട്ടില്ല, ദൈവം സ്നേഹമല്ലോ. |
| വെളി. 3:7 | ഫിലദെൽഫ്യയിലുള്ള സഭയുടെ ദൂതന് എഴുതുക:... |
| വെളി. 2:4 | എന്നാൽ നിന്റെ, ആദ്യസ്നേഹം വിട്ടുകളഞ്ഞു എന്ന ഒരു കാര്യം നിനക്ക് എതിരായി എനിക്കുണ്ട്. |
| വെളി. 2:7 | ആത്മാവ് സഭകളോടു പറയുന്നത് എന്തെന്ന് ചെവിയുള്ളവൻ കേൾക്കട്ടെ. ജയിക്കുന്നവന് ഞാൻ ദൈവത്തിന്റെ പറുദീസയിലുള്ള ജീവ വൃക്ഷത്തിൽനിന്നു ഭക്ഷിക്കുവാൻ |

കൊടുക്കും..

C. കർത്താവിന്റെ പ്രത്യുദ്ധാരം വ്യാപിക്കുന്നതിനായി കർത്താവ് ദാവീദിന്റെ താക്കോൽ ഉപയോഗിച്ച് വാതിൽ തുറക്കുന്നത് നമുക്ക് വസ്തുനിഷ്ഠമാണ്, എന്നാൽ നാം രൂപാന്തരപ്പെടേണ്ടതിനും ദൈവത്തിന്റെ നാമം, പുതിയ യെരൂശലേമിന്റെ നാമം, കർത്താവിന്റെ പുതിയ നാമം എന്നിവയുള്ള ഒരു തൂണായി ദൈവത്തിന്റെ ഭവനത്തിലേക്ക് പണിതുചേർക്കപ്പെടേണ്ടതിനു, നമ്മുടെ ആന്തരിക ആളത്തത്തിലുള്ള വാതിൽ വ്യക്തിനിഷ്ഠമായി തുറക്കുവാൻ ക്രിസ്തു ദാവീദിന്റെ താക്കോൽ ഉപയോഗിക്കുന്നു—വാ. 17; 3:12; 21:22:

വെളി. 2:17 ആത്മാവ് സഭകളോടു പറയുന്നത് എന്തെന്ന് ചെവിയുള്ളവൻ കേൾക്കട്ടെ. ജയിക്കുന്നവന് ഞാൻ മറഞ്ഞിരിക്കുന്ന മന്ന കൊടുക്കും, ഞാൻ അവനു വെള്ളക്കല്ലും, കല്ലിന്മേൽ എഴുതിയിരിക്കുന്ന പുതിയ പേരും കൊടുക്കും, അത് ലഭിക്കുന്നവനല്ലാതെ ആരും അറിയുന്നില്ല.

വെളി. 3:12 ജയിക്കുന്നവനെ ഞാൻ എന്റെ ദൈവത്തിന്റെ ആലയത്തിലെ തൂണാക്കും, അവൻ ഒരുവിധത്തിലും ഇനിമേൽ പുറത്തുപോകുകയില്ല, ഞാൻ അവന്റെമേൽ എന്റെ ദൈവത്തിന്റെ നാമവും, എന്റെ ദൈവത്തിന്റെ അരികിൽനിന്ന്, സ്വർഗത്തിൽനിന്ന് ഇറങ്ങിവരുന്ന, പുതിയ യെരൂശലേമെന്ന എന്റെ ദൈവത്തിന്റെ നഗരത്തിന്റെ നാമവും, എന്റെ പുതിയ നാമവും എഴുതും.

വെളി. 21:22 അതിൽ ഞാൻ ആലയം കണ്ടില്ല, സർവശക്തനായ ദൈവമായ കർത്താവും കുഞ്ഞാടും അതിന്റെ ആലയം ആകുന്നു.

1. എന്റെ ദൈവത്തിന്റെ നാമം സൂചിപ്പിക്കുന്നത് തൂണ് ദൈവമാകുന്നു എന്നാണ്; എന്റെ ദൈവത്തിന്റെ നഗരത്തിന്റെ നാമം സൂചിപ്പിക്കുന്നത് തൂണ് പുതിയ യെരൂശലേം ആകുന്നു എന്നാണ്; എന്റെ പുതിയ നാമം സൂചിപ്പിക്കുന്നത് തൂണ് ഒരു പുതിയ പ്രാമുഖ്യത്തിലുള്ള ക്രിസ്തുവാകുന്നു എന്നാണ്; ഒരു തൂണെന്ന നിലയിൽ ജയാളി ദൈവത്വത്തിലല്ല, ജീവനിലും പ്രകൃതത്തിലും ദൈവമായിത്തീരുന്നു, അവൻ പുതിയ യെരൂശലേമിന്റെ ഒരു ഘടകാംശമായിത്തീരുന്നു, അവൻ ഒരു പുതിയ അനുഭവപരമായ അർഥത്തിൽ ക്രിസ്തു വായിത്തീരുന്നു—3:12.

   വെളി. 3:12 ജയിക്കുന്നവനെ ഞാൻ എന്റെ ദൈവത്തിന്റെ ആലയത്തിലെ തൂണാക്കും, അവൻ ഒരുവിധത്തിലും ഇനിമേൽ പുറത്തുപോകുകയില്ല, ഞാൻ അവന്റെമേൽ എന്റെ ദൈവത്തിന്റെ നാമവും, എന്റെ ദൈവത്തിന്റെ അരികിൽനിന്ന്, സ്വർഗത്തിൽനിന്ന് ഇറങ്ങിവരുന്ന, പുതിയ യെരൂശലേമെന്ന എന്റെ ദൈവത്തിന്റെ നഗരത്തിന്റെ നാമവും, എന്റെ പുതിയ നാമവും എഴുതും.

2. പുതിയ യെരൂശലേം പുതിയ ക്രിസ്തുവാണ്; ദൈവത്തിന്റെ വികാസവും വിപുലീകരണവും എന്ന നിലയിൽ, നാം പുതിയ

യെരൂശലേം എന്ന പുതിയൊരു അർഥത്തിൽ ക്രിസ്തുവാണ്; പുതിയ ക്രിസ്തു അവൻ നാല് സുവിശേ ഷങ്ങളിൽ ആയിരുന്നതുപോലെയല്ല; മണവാളന്റെ വർദ്ധനവായ മണവാട്ടി, ദൈവത്തിന്റെ എല്ലാ വീണ്ടുംജനിപ്പിക്കപ്പെട്ടവരും അടങ്ങുന്ന പുതിയ യെരൂശലേമാണ് — യോഹ. 3:29-30; വെളി. 21:9-10.

| | |
|---|---|
| യോഹ. 3:29 | മണവാട്ടി ഉള്ളവൻ മണവാളൻ ആകുന്നു; എന്നാൽ നിന്നു മണവാളനെ കേൾക്കുന്നവനായ അവന്റെ സ്നേഹിതൻ, മണവാളന്റെ ശബ്ദം നിമിത്തം സന്തോഷത്താൽ ആനന്ദിക്കുന്നു. അതുകൊണ്ട് എന്റെ ഈ സന്തോഷം പൂർണമായിരിക്കുന്നു. |
| യോഹ. 3:30 | അവൻ വർധിക്കണം, ഞാനോ കുറയേണം. |
| വെളി. 21:9 | ഒടുക്കത്തെ ഏഴു ബാധകൾ നിറഞ്ഞ ഏഴു കലശങ്ങൾ ഉണ്ടായിരുന്ന ഏഴു ദൂതന്മാരിൽ ഒരുവൻ വന്ന് എന്നോട്, ഇവിടെ വരിക; കുഞ്ഞാടിന്റെ കാന്തയായ മണവാട്ടിയെ ഞാൻ നിനക്കു കാണിച്ചുതരാം എന്നു പറഞ്ഞു. |
| വെളി. 21:10 | അവൻ എന്നെ ആത്മാവിൽ വലുതും ഉയർന്നതുമായ ഒരു മലമേൽ എടുത്തുകൊണ്ടുപോയി, യെരൂശലേം എന്ന വിശുദ്ധനഗരം സ്വർഗത്തിൽ നിന്ന് ദൈവത്തിന്റെ പക്കൽനിന്ന്, ദൈവ തേജസ്സുള്ളതായി ഇറങ്ങിവരുന്നത് കാണിച്ചുതന്നു. |

3. നാം ദൈവത്തിലേക്ക് പണിയപ്പെടുകയും, പുതിയ യെരൂശലേമിന്റെ ഒരു ഘടകാംശമായിത്തീരുകയും, പുതിയ ക്രിസ്തുവിന്റെ ഭാഗമായിത്തീരുകയും ചെയ്യുന്നത് മാനുഷികമായി അസാധ്യമാണ്, എന്നാൽ നമ്മിലുള്ള ജീവന്റെ ആത്മാവിന്റെ പ്രമാണത്തിൽ അസാധ്യതയോട് ഇടപെടുന്ന ഒരു മൂലകം അടങ്ങുന്നു—റോമ. 8:2; ലൂക്കൊ. 18:27; ഉല്പ. 28:12-19; യോഹ. 1:51.

| | |
|---|---|
| റോമ. 8:2 | എന്തെന്നാൽ ജീവന്റെ ആത്മാവിന്റെ പ്രമാണം എന്നെ പാപത്തിന്റെയും മരണത്തിന്റെയും പ്രമാണത്തിൽനിന്ന് ക്രിസ്തു യേശുവിൽ സ്വതന്ത്രനാക്കിയിരിക്കുന്നു. |
| ലൂക്കൊ. 18:27 | എന്നാൽ അവൻ, മനുഷ്യരാൽ അസാധ്യമായത് ദൈവത്താൽ സാധ്യമാകുന്നു എന്നു പറഞ്ഞു. |
| ഉല്പ. 28:12 | അവൻ ഒരു സ്വപ്നം കണ്ടു: ഇതാ, ഭൂമിയിൽ വെച്ചിരിക്കുന്ന ഒരു കോവണി; അതിന്റെ തല സ്വർഗ്ഗത്തോളം എത്തിയിരുന്നു; ദൈവത്തിന്റെ ദൂതന്മാർ അതിന്മേൽകൂടി കയറുകയും ഇറങ്ങുകയുമായിരുന്നു. |
| ഉല്പ. 28:13 | അതിന്മീതെ യഹോവ നിന്നു അരുളിച്ചെയ്തതു: ഞാൻ നിന്റെ പിതാവായ അബ്രാഹാമിന്റെ ദൈവവും, യിസ്ഹാക്കിന്റെ ദൈവവുമായ യഹോവ ആകുന്നു; നീ കിടക്കുന്ന ഭൂമിയെ ഞാൻ നിനക്കും നിന്റെ സന്തതിക്കും തരും. |
| ഉല്പ. 28:14 | നിന്റെ സന്തതി ഭൂമിയിലെ പൊടിപോലെ ആകും; നീ |

പടിഞ്ഞാറോട്ടും കിഴക്കോട്ടും വടക്കോട്ടും തെക്കോട്ടും പരക്കും; നീ മുഖാന്തരവും നിന്റെ സന്തതി മുഖാന്തരവും ഭൂമിയിലെ സകലവംശങ്ങളും അനുഗ്രഹിക്കപ്പെടും.

ഉല്പ. 28:15 — ഇതാ, ഞാൻ നിന്നോടുകൂടെയുണ്ടു; നീ പോകുന്നേടത്തൊക്കെയും നിന്നെ കാത്തു ഈ രാജ്യത്തേക്കു നിന്നെ മടക്കിവരുത്തും; ഞാൻ നിന്നെ കൈവിടാതെ നിന്നോടു അരുളിച്ചെയ്തതു നിവർത്തിക്കും.

ഉല്പ. 28:16 — അപ്പോൾ യാക്കോബ് ഉറക്കമുണർന്നു: യഹോവ ഈ സ്ഥലത്തുണ്ടു സത്യം; ഞാനോ അതു അറിഞ്ഞില്ല എന്നു പറഞ്ഞു.

ഉല്പ. 28:17 — അവൻ ഭയപ്പെട്ടു: ഈ സ്ഥലം എത്ര ഭയങ്കരം! ഇതു ദൈവത്തിന്റെ ആലയമല്ലാതെ മറ്റൊന്നല്ല; ഇതു സ്വർഗ്ഗത്തിന്റെ വാതിൽ തന്നേ എന്നു പറഞ്ഞു.

ഉല്പ. 28:18 — യാക്കോബ് അതികാലത്തു എഴുന്നേറ്റു തലയണയായി വെച്ചിരുന്ന കല്ലു എടുത്തു തൂണായി നിർത്തി, അതിന്മേൽ എണ്ണ ഒഴിച്ചു.

ഉല്പ. 28:19 — അവൻ ആ സ്ഥലത്തിന്നു ബേഥേൽ എന്നു പേർവിളിച്ചു; ആദ്യം ആ പട്ടണത്തിന്നു ലൂസ് എന്നു പേരായിരുന്നു.

യോഹ. 1:51 — അവൻ അവനോട്, സത്യമായി, സത്യമായി ഞാൻ നിങ്ങളോട് പറയുന്നു, സ്വർഗം തുറന്നിരിക്കുന്നതും മനുഷ്യപുത്രനുമേൽ ദൈവദൂതന്മാർ കയറുകയും ഇറങ്ങുകയും ചെയ്യുന്നതും നിങ്ങൾ കാണും എന്നു പറഞ്ഞു.

D. ഫിലദെൽഫ്യയിലെ ജയാളികൾ അളവിനേക്കാൾ ഗുണത്തിനുവേണ്ടി കരുതിക്കൊണ്ട്, വേലയെക്കാൾ ജീവനായി കൂടുതൽ ശ്രദ്ധ നൽകുന്നു (1 കൊരി. 3:12); കർത്താവിനെ പ്രസാദിപ്പിക്കുന്നത് അവർ അവനുവേണ്ടി അധികം ചെയ്യുന്നതല്ല, അവർക്കുള്ളതുകൊണ്ട് അവനു വേണ്ടി അവരാൽ കഴിയുന്നത് ചെയ്യുന്നതാണെന്ന തിരിച്ചറിവോടെ അവർക്ക് "അൽപമേ ശക്തിയുള്ളൂ" (വെളി. 3:8; മർക്കൊ. 14:8).

1 കൊരി. 3:12 — എന്നാൽ അടിസ്ഥാനത്തിന്മേൽ ആരെങ്കിലും പൊന്ന്, വെള്ളി, വിലയേറിയ കല്ലുകൾ, മരം, പുല്ല്, വൈക്കോൽ എന്നിവകൊണ്ട് പണിയുന്നു എങ്കിൽ,

വെളി. 3:8 — നിന്റെ പ്രവൃത്തികൾ ഞാൻ അറിയുന്നു; ഇതാ, ഞാൻ ആർക്കും അടയ്ക്കുവാൻ കഴിയാത്ത ഒരു തുറന്ന വാതിൽ നിനക്കു മുമ്പാകെ വച്ചിരിക്കുന്നു, എന്തുകൊണ്ടെന്നാൽ നിനക്ക് അൽപമേ ശക്തിയുള്ളൂ, നീ എന്റെ വചനം കാത്തു, എന്റെ നാമം നിഷേധിച്ചതുമില്ല.

മർക്കൊ. 14:8 — തന്നാൽ കഴിഞ്ഞത് അവൾ ചെയ്തു; അടക്കത്തിനായി മുമ്പേതന്നെ അവൾ എന്റെ ശരീരം അഭിഷേകം ചെയ്തിരിക്കുന്നു.

E. ഫിലദെൽഫ്യയിലെ ജയാളികൾ കർത്താവിന്റെ നിസ്തുല പുതിയനിയമ ശുശ്രൂഷയിൽ (വെളി. 3:8) അവന്റെ വചനം പാലിക്കുന്നു, അത് അവരെ അവരുടെ ജീവനും സകലവുമായി കർത്താവായ യേശു ക്രിസ്തുവിന്റെ വിലയേറിയ വ്യക്തിയുടെ യഥാർഥ വിലമതിപ്പിലേക്കും സ്നേഹത്തിലേക്കും ആസ്വാദനത്തിലേക്കും കൊണ്ടുവരുന്നു (2 കൊരി. 11:2-3).

| | |
|---|---|
| വെളി. 3:8 | നിന്റെ പ്രവൃത്തികൾ ഞാൻ അറിയുന്നു; ഇതാ, ഞാൻ ആർക്കും അടയ്ക്കുവാൻ കഴിയാത്ത ഒരു തുറന്ന വാതിൽ നിനക്കു മുമ്പാകെ വച്ചിരിക്കുന്നു, എന്തുകൊണ്ടെന്നാൽ നിനക്ക് അൽപമേ ശക്തിയുള്ളൂ, നീ എന്റെ വചനം കാത്തു, എന്റെ നാമം നിഷേധിച്ചതുമില്ല. |
| 2 കൊരി. 11:2 | എന്തെന്നാൽ ഞാൻ നിങ്ങളെക്കുറിച്ച് ദൈവത്തിന്റെ തീക്ഷ്ണതയോടെ തീക്ഷ്ണതയുള്ളവനാകുന്നു; ഞാൻ ക്രിസ്തു എന്ന ഏക ഭർത്താവിന് നിങ്ങളെ നിർമല കന്യകയായി മുൻനിർത്തുവാൻ വിവാഹനിശ്ചയം ചെയ്തു. |
| 2 കൊരി. 11:3 | എന്നാൽ സർപ്പം തന്റെ കൗശലത്താൽ ഹവ്വയെ വഞ്ചിച്ചതുപോലെ, നിങ്ങളുടെ ചിന്തകൾ ക്രിസ്തുവിനോടുള്ള ലാളിത്യത്തിലും നിർമലതയിലും നിന്ന് ഏതെങ്കിലും വിധത്തിൽ ദുഷിക്കപ്പെടുമോ എന്ന് ഞാൻ ഭയപ്പെടുന്നു. |

F. ഫിലദെൽഫ്യയിലുള്ളവർ കർത്താവിന്റെ വചനം അവരുടെ ഹൃദയത്തിൽ സംഗ്രഹിക്കുവാൻ (എഫെ. 6:17-18; സങ്കീ. 119:11, 15) അവന്റെ വചനം പ്രാർഥനാവായന ചെയ്യുകയും ധ്യാനിക്കുകയും ചെയ്തുകൊണ്ട് കാക്കുന്നതിനാൽ, അവർ "ദൈവത്തോട് സമ്പന്നർ" ആകുന്നു (വെളി. 3:8; ലൂക്കൊ. 12:21); നമുക്ക് ദൈവവചനത്തിങ്കലേക്ക് നമ്മുടെ കൈകൾ ഉയർത്താൻ കഴിയും, അത് നാം ഊഷ്മളമായും സന്തോഷത്തോടെയും സന്തോഷത്തോടെയും സ്വീകരിക്കുന്നുവെന്നും അതിന് ആമേൻ പറയുന്നുവെന്നും സൂചിപ്പിക്കുന്നു (വാ. 48; നെഹെ. 8:5-6).

| | |
|---|---|
| വെളി. 3:8 | നിന്റെ പ്രവൃത്തികൾ ഞാൻ അറിയുന്നു; ഇതാ, ഞാൻ ആർക്കും അടയ്ക്കുവാൻ കഴിയാത്ത ഒരു തുറന്ന വാതിൽ നിനക്കു മുമ്പാകെ വച്ചിരിക്കുന്നു, എന്തുകൊണ്ടെന്നാൽ നിനക്ക് അൽപമേ ശക്തിയുള്ളൂ, നീ എന്റെ വചനം കാത്തു, എന്റെ നാമം നിഷേധിച്ചതുമില്ല. |
| ലൂക്കൊ. 12:21 | തനിക്കുതന്നെ നിക്ഷേപം സ്വരൂപിക്കുകയും, ദൈവത്തോടു സമ്പന്നൻ അല്ലാതെയും ഇരിക്കുന്നവൻ ഇങ്ങനെ ആകുന്നു. |
| എഫെ. 6:17 | രക്ഷയുടെ ശിരസ്ത്രവും ആത്മാവിന്റെ വാളും കൈക്കൊള്ളുവിൻ, ആ ആത്മാവ് ദൈവവചനം ആകുന്നു, |
| എഫെ. 6:18 | സകല പ്രാർഥനയും അപേക്ഷയും മുഖാന്തരം, ഏത് നേരത്തും ആത്മാവിൽ പ്രാർഥിച്ചും സകല സ്ഥിരോത്സാഹത്തോടെ ഇതിനായി ജാഗരിച്ചുംകൊണ്ട്, സകല വിശുദ്ധന്മാർക്കും, |
| സങ്കീ. 119:11 | ഞാൻ നിന്നോടു പാപം ചെയ്യാതിരിക്കേണ്ടതിന്നു നിന്റെ വചനത്തെ ഹൃദയത്തിൽ സംഗ്രഹിക്കുന്നു. |
| സങ്കീ. 119:15 | ഞാൻ നിന്റെ പ്രമാണങ്ങളെ ധ്യാനിക്കയും നിന്റെ വഴികളെ സൂക്ഷിക്കയും ചെയ്യുന്നു. |

| | |
|---|---|
| സങ്കീ. 119:48 | എനിക്കു പ്രിയമായിരിക്കുന്ന നിന്റെ കല്പനകളിലേക്കു ഞാൻ കൈകളെ ഉയർത്തുന്നു; നിന്റെ ചട്ടങ്ങളെ ഞാൻ ധ്യാനിക്കുന്നു. |
| നെഹെ. 8:5 | എസ്രാ സകലജനവും കാൺകെ പുസ്തകം വിടർത്തു; അവൻ സകലജനത്തിന്നും മീതെ ആയിരുന്നു; അതു വിടർത്തപ്പോൾ ജനമെല്ലാം എഴുന്നേറ്റു നിന്നു. |
| നെഹെ. 8:6 | എസ്രാ മഹാദൈവമായ യഹോവയെ സ്തുതിച്ചു; ജനമൊക്കെയും കൈ ഉയർത്തി; ആമേൻ, ആമേൻ എന്നു പ്രതിവചനം പറഞ്ഞു വണങ്ങി സാഷ്ടാംഗം വീണു യഹോവയെ നമസ്കരിച്ചു. |

G. ഫിലദെൽഫ്യയിലെ ജയാളികൾ കർത്താവിന്റെ നാമം നിഷേധിക്കുന്നില്ല; അവർ കർത്താവായ യേശു ക്രിസ്തുവിന്റെ നാമം ഒഴികെയുള്ള എല്ലാ നാമങ്ങളും ഉപേക്ഷിച്ചിരിക്കുന്നു, തന്നെ വിളിച്ചപേക്ഷിക്കുന്ന എല്ലാവർക്കും സമ്പന്നനായ കർത്താവിന്റെ നാമം അവർ വിളിച്ചപേക്ഷിക്കുന്നു (റോമ. 10:9-10, 12-13); അവർ "യേശു ക്രിസ്തു കർത്താവ് എന്ന് പിതാവായ ദൈവത്തിന്റെ മഹത്വത്തിനായി പരസ്യമായി ഏറ്റുപറയുന്നു" (ഫിലി. 2:11), അവർ തങ്ങളെത്തന്നെയല്ല, ക്രിസ്തു യേശുവിനെ കർത്താവായും തങ്ങളെ യേശു നിമിത്തം അടിമകളായുമത്രേ പ്രസംഗിക്കുന്നത് (2 കൊരി. 4:5).

| | |
|---|---|
| റോമ. 10:9 | യേശുവിനെ കർത്താവ് എന്ന് നിന്റെ വായ് കൊണ്ട് ഏറ്റുപറയുകയും ദൈവം അവനെ മരിച്ചവരിൽനിന്ന് ഉയിർപ്പിച്ചു എന്ന് നിന്റെ ഹൃദയത്തിൽ വിശ്വസിക്കുകയും ചെയ്താൽ, നീ രക്ഷിക്കപ്പെടും; |
| റോമ. 10:10 | ഹൃദയംകൊണ്ട് നീതിയിങ്കലേക്ക് വിശ്വസിക്കുകയും വായ് കൊണ്ട് രക്ഷയിങ്കലേക്ക് ഏറ്റുപറയുകയും ചെയ്യുന്നു. |
| റോമ. 10:12 | യെഹൂദനും യവനനും തമ്മിൽ യാതൊരു വ്യത്യാസവും ഇല്ല, ഒരേ കർത്താവുതന്നെ എല്ലാവരുടെയും കർത്താവും, അവനെ വിളിച്ചപേക്ഷിക്കുന്ന എല്ലാവർക്കും സമ്പന്നനും ആകുന്നു; |
| റോമ. 10:13 | "കർത്താവിന്റെ നാമത്തെ വിളിച്ചപേക്ഷിക്കുന്ന ഏവനും രക്ഷിക്കപ്പെടും." |
| ഫിലി. 2:11 | എല്ലാ നാവും യേശു ക്രിസ്തു കർത്താവ് എന്ന് പിതാവായ ദൈവത്തിന്റെ മഹത്വത്തിനായി പരസ്യമായി ഏറ്റുപറയേണ്ടതിനും ആകുന്നു. |
| 2 കൊരി. 4:5 | എന്തെന്നാൽ ഞങ്ങളെത്തന്നെയല്ല ക്രിസ്തു യേശുവിനെ കർത്താവായും ഞങ്ങളെ യേശു നിമിത്തം നിങ്ങളുടെ അടിമകളായുമത്രേ ഞങ്ങൾ പ്രസംഗിക്കുന്നത്. |

H. അനാഹൈമിലെ മൂപ്പന്മാരോടുള്ള സഹോദരൻ ലീയുടെ അവസാന വാക്ക്: "മൂപ്പന്മാർ പരസ്പരം സ്നേഹിക്കുകയും, അവരുടെ ഭാര്യമാർ പരസ്പരം സ്നേഹിക്കുകയും, അവർ ഒരുവൻ മറ്റൊരുവന്റെ മക്കളെ സ്നേഹിക്കുകയും വേണം."

**IV. ഫിലദെൽഫ്യ ഒരിക്കൽ പരാജയപ്പെട്ടുകഴിഞ്ഞാൽ, അവൾ ലവൊദിക്യയായിത്തീരുന്നു:**

A. ലവൊദിക്യ വൈകൃതമായ ഫിലദെൽഫ്യയാണ്; സഹോദര സ്നേഹം ഇല്ലാതാകുമ്പോൾ, ഭൂരിപക്ഷത്തിന്റെ അഭിപ്രായം അംഗീകരിക്കപ്പെട്ട അഭിപ്രായമായിരിക്കും; ഭൂരിപക്ഷം അനു കൂലമായിരിക്കുന്നിടത്തോളം അത് ശരിയാണ്.

B. കർത്താവിന്റെ ദൃഷ്ടിയിൽ, ലവൊദിക്യയുടെ സ്വഭാവ വിശേഷങ്ങൾ ശീതോഷ്ണതയും ആത്മിക നിഗളവുമാണ്—വെളി. 3:15-18:

വെളി. 3:15 ഞാൻ നിന്റെ പ്രവൃത്തികൾ അറിയുന്നു, നീ ശീതവാനുമല്ല ഉഷ്ണവാനുമല്ല; നീ ശീതവാനോ ഉഷ്ണവാനോ ആയിരുന്നെങ്കിൽ എന്നു ഞാൻ ആശിച്ചു.

വെളി. 3:16 അങ്ങനെ നീ ശീതവാനുമല്ല ഉഷ്ണവാനുമല്ല, ശീതോഷ്ണവാനാകയാൽ, എന്റെ വായിൽനിന്നു നിന്നെ ഞാൻ ഉമിണ്ണുകളയാറായിരിക്കുന്നു.

വെളി. 3:17 ഞാൻ ധനവാൻ, സമ്പന്നനായിത്തീർന്നിരിക്കുന്നു, ഒന്നിനും കുറവില്ല എന്നു നീ പറയുകയും, എന്നാൽ നീ അരിഷ്ടനും നികൃഷ്ടനും ദരിദ്രനും കുരുടനും നഗ്നനും ആകുന്നു എന്ന് അറിയാതിരിക്കുകയും ചെയ്യുന്നതിനാൽ,

വെളി. 3:18 നീ ധനവാൻ ആകേണ്ടതിന് തീയിൽ ഊതിക്കഴിച്ച പൊന്നും, നിന്റെ നഗ്നതയുടെ ലജ്ജ വെളിവാകാതിരിക്കുവാൻ തക്കവണ്ണം ധരിക്കേണ്ടതിന് വെള്ളവസ്ത്രവും, നീ കാണേണ്ടതിന് നിന്റെ കണ്ണുകൾ അഭിഷേകം ചെയ്യുവാൻ കൺലേപവും എന്നിൽനിന്ന് വാങ്ങുവാൻ ഞാൻ നിനക്ക് ആലോചന തരുന്നു.

1. ആത്മിക നിഗളം ചരിത്രത്തിൽ നിന്നാണ് വരുന്നത്; ചിലർ ഒരിക്കൽ സമ്പന്നരായിരുന്നു, പക്ഷേ അവർ ഇപ്പോഴും സമ്പന്നരാണെന്ന് അവർ കരുതുന്നു; അവർ ഇപ്പോഴും അവരുടെ ചരിത്രം ഓർക്കുന്നു, പക്ഷേ അവർക്ക് അവരുടെ മുൻകാല ജീവിതം നഷ്ടമായി.
2. കർത്താവ് ഒരിക്കൽ അവരോട് കരുണയുള്ളവനായിരുന്നു, അവർ അവരുടെ ചരിത്രം ഓർക്കുകയും ചെയ്യുന്നു, എന്നാൽ ഇപ്പോൾ അവർക്ക് ആ യാഥാർഥ്യം നഷ്ടമായിരിക്കുന്നു.
3. അവർ ഒരുകാലത്ത് ധനവാനും, സമ്പന്നനായിത്തീർന്നിരിക്കുന്നുവെന്നും, ഒന്നിനും കുറവില്ലെന്നും ഓർക്കുന്നു, എന്നാൽ ഇപ്പോൾ അവർ ദരിദ്രരും അന്ധരുമാകുന്നു.

C. ഫിലദെൽഫ്യയുടെ വഴിയിൽ തുടരാനും ലവൊദിക്യ ആകുന്നത് ഒഴിവാക്കാനും നാം ആഗ്രഹിക്കുന്നെങ്കിൽ, ദൈവമുമ്പാകെ നമ്മെത്തന്നെ താഴ്ത്തുവാൻ നാം ഓർക്കണം —മത്താ. 5:3; യെശ. 57:15; ഗലാ. 6:3.

മത്താ. 5:3 ആത്മാവിൽ ദരിദ്രരായവർ അനുഗൃഹീതർ, സ്വർഗരാജ്യം അവരുടേതാകുന്നു.

യെശ. 57:15 ഉന്നതനും ഉയർന്നിരിക്കുന്നവനും ശാശ്വതവാസിയും പരിശുദ്ധൻ എന്നു നാമമുള്ളവനുമായവൻ ഇപ്രകാരം അരുളിച്ചെയ്യുന്നു: ഞാൻ ഉന്നതനും പരിശുദ്ധനുമായി വസിക്കുന്നു; താഴ്മയുള്ളവരുടെ മനസ്സിന്നും മനസ്താപമുള്ളവരുടെ ഹൃദയത്തിന്നും ചൈതന്യം

വരുത്തുവാൻ മനസ്താപവും മനോവിനയവുമുള്ളവരോടു കൂടെയും വസിക്കുന്നു.

ഗലാ. 6:3 — താൻ ഒന്നുമല്ലാതിരിക്കേ എന്തോ ആകുന്നു എന്ന് ഒരുവൻ ചിന്തിക്കുന്നുവെങ്കിൽ, അവൻ അവനെത്തന്നെ വഞ്ചിക്കുന്നു.

D. ലവൊാദിക്യ എന്നാൽ എല്ലാം അറിയുകയും എന്നാൽ വാസ്തവത്തിൽ ഒന്നിനെക്കുറിച്ചും തീക്ഷ്ണതയില്ലാതിരിക്കുകയും ചെയ്യുന്നു എന്നാണ് അർഥമാക്കുന്നത്; പേരിൽ അതിന് എല്ലാം ഉണ്ട്, പക്ഷേ അതിന് ഒന്നിനും വേണ്ടിയും അതിന്റെ ജീവൻ ത്യാഗം ചെയ്യുവാൻ കഴിയില്ല; അത് അതിന്റെ മുൻകാല മഹത്വം ഓർക്കുന്നു, പക്ഷേ ദൈവമുമ്പാകെയുള്ള അതിന്റെ ഇന്നത്തെ അവസ്ഥ മറക്കുന്നു; മുമ്പ്, അത് ഫിലദെൽഫ്യ ആയിരുന്നു, എന്നാൽ ഇന്ന് അത് ലവൊാദിക്യയാണ്—വെളി. 3:15-18:

വെളി. 3:15 — ഞാൻ നിന്റെ പ്രവൃത്തികൾ അറിയുന്നു, നീ ശീതവാനുമല്ല ഉഷ്ണവാനുമല്ല; നീ ശീതവാനോ ഉഷ്ണവാനോ ആയിരുന്നെങ്കിൽ എന്നു ഞാൻ ആശിച്ചു.

വെളി. 3:16 — അങ്ങനെ നീ ശീതവാനുമല്ല ഉഷ്ണവാനുമല്ല, ശീതോഷ്ണവാനാകയാൽ, എന്റെ വായിൽനിന്നു നിന്നെ ഞാൻ ഉമിണ്ണുകളയാറായിരിക്കുന്നു.

വെളി. 3:17 — ഞാൻ ധനവാൻ, സമ്പന്നനായിത്തീർന്നിരിക്കുന്നു, ഒന്നിനും കുറവില്ല എന്നു നീ പറയുകയും, എന്നാൽ നീ അരിഷ്ടനും നികൃഷ്ടനും ദരിദ്രനും കുരുടനും നഗ്നനും ആകുന്നു എന്ന് അറിയാതിരിക്കുകയും ചെയ്യുന്നതിനാൽ,

വെളി. 3:18 — നീ ധനവാൻ ആകേണ്ടതിന് തീയിൽ ഊതിക്കഴിച്ച പൊന്നും, നിന്റെ നഗ്നതയുടെ ലജ്ജ വെളിവാകാതിരിക്കുവാൻ തക്കവണ്ണം ധരിക്കേണ്ടതിന് വെള്ളവസ്ത്രവും, നീ കാണേണ്ടതിന് നിന്റെ കണ്ണുകൾ അഭിഷേകം ചെയ്യുവാൻ കൺലേപവും എന്നിൽനിന്ന് വാങ്ങുവാൻ ഞാൻ നിനക്ക് ആലോചന തരുന്നു.

1. അധഃപതിച്ച പ്രത്യുദ്ധരിക്കപ്പെട്ട സഭയ്ക്ക് ക്രിസ്തുവിനെ സംബന്ധിച്ച ഉപദേശങ്ങളെക്കുറിച്ചുള്ള അറിവുണ്ട്, എന്നാൽ ക്രിസ്തുവിന്റെ ദിവ്യമൂലകങ്ങളിൽ പങ്കുകൊള്ളുവാൻ തക്കവണ്ണം ജീവനുള്ള വിശ്വാസമില്ല.
2. വെള്ളവസ്ത്രം കർത്താവിന് അംഗീകരിക്കാൻ കഴിയുന്ന നടപ്പിനെ സൂചിപ്പിക്കുന്നു; അത്തരം നടപ്പ് സഭയിൽനിന്ന് ജീവിച്ചുവെളിപ്പെടുന്ന കർത്താവ് താൻതന്നെയാണ്, അധഃപതിച്ച പ്രത്യുദ്ധരിക്കപ്പെട്ട സഭയ്ക്ക് അവളുടെ നഗ്നത മറയ്ക്കുന്നതിന് അത് ആവശ്യമാണ്.
3. അവരുടെ കണ്ണുകളെ അഭിഷേകം ചെയ്യാൻ ആവശ്യമായ കൺലേപം അഭിഷേകം ചെയ്യുന്ന ആത്മാവായിരിക്കണം (1 യോഹ. 2:27), അവൻ ജീവൻ നൽകുന്ന ആത്മാവായ കർത്താവ് താൻതന്നെയാണ് (1 കൊരി. 15:45); അധഃപതിച്ച പ്രത്യുദ്ധരിക്കപ്പെട്ട സഭയ്ക്ക് അവളുടെ അന്ധതയുടെ സൗഖ്യത്തിനായി ഇപ്രകാരമുള്ള കൺലേപം ആവശ്യമാണ് (ഇയ്യോ. 42:5-6).

1 യോഹ. 2:27 — നിങ്ങൾക്കോ, അവനിൽനിന്നു പ്രാപിച്ച അഭിഷേചനം നിങ്ങളിൽ വസിക്കുന്നു, ആരും നിങ്ങളെ ഉപദേശിക്കേണ്ട ആവശ്യവുമില്ല; എന്നാൽ അവന്റെ

|  |  |
|---|---|
|  | അഭിഷേചനം സകല കാര്യങ്ങളെയും കുറിച്ച് നിങ്ങളെ ഉപദേശിക്കുന്നതുപോലെ, അതു കളവല്ല സത്യം ആകുന്നു, അതു നിങ്ങളെ ഉപദേശിച്ചതു പോലെ അവനിൽ വസിക്കുവിൻ. |
| 1 കൊരി. 15:45 | അങ്ങനെ, "ഒന്നാം മനുഷ്യനായ ആദാം ജീവനുള്ള ദേഹി ആയിത്തീർന്നു" എന്ന് എഴുതിയിരിക്കുന്നു; ഒടുക്കത്തെ ആദാം ജീവൻ-നൽകുന്ന ആത്മാവ് ആയിത്തീർന്നു. |
| ഇയ്യോ. 42:5 | ഞാൻ നിന്നെക്കുറിച്ചു ഒരു കേൾവി മാത്രമേ കേട്ടിരുന്നുള്ളു; ഇപ്പോഴോ, എന്റെ കണ്ണാൽ നിന്നെ കാണുന്നു. |
| ഇയ്യോ. 42:6 | ആകയാൽ ഞാൻ എന്നെത്തന്നേ വെറുത്തു പൊടിയിലും ചാരത്തിലും കിടന്നു അനുതപിക്കുന്നു. |

E. നിർജീവവും വ്യർഥവുമായ അറിവും ഉപദേശ സമ്പ്രദായങ്ങളും അധഃപതിച്ച പ്രത്യുദ്ധരിക്കപ്പെട്ട സഭയെ ശീതോഷ്ണാവസ്ഥയിലാക്കിയിരിക്കുന്നു; അവൾ തന്റെ ശീതോഷ്ണാവസ്ഥയെക്കുറിച്ച് അനുതപിക്കുകയും, തീക്ഷ്ണതയുള്ളവളും തിളയ്ക്കുന്നവളും എരിയുന്നവളും ആയിരിക്കുകയും വേണം, അങ്ങനെ ക്രിസ്തുവിന്റെ യാഥാർഥ്യത്തിന്റെ ആസ്വാദനം അവൾ വീണ്ടെടുക്കും.

F. "ജയിക്കുന്നവന് ഞാൻ എന്നോടുകൂടെ എന്റെ സിംഹാസനത്തിൽ ഇരിക്കുവാൻ നൽകും; ഞാനും ജയിച്ച് എന്റെ പിതാവിനോടുകൂടെ അവന്റെ സിംഹാസനത്തിൽ ഇരുന്നതു പോലെതന്നെ. ആത്മാവ് സഭകളോടു പറയുന്നത് എന്തെന്ന് ചെവിയുള്ളവൻ കേൾക്കട്ടെ"—വെളി. 3:21-22:

1. ഇവിടെ ജയിക്കുകയെന്നാൽ അധഃപതിച്ച പ്രത്യുദ്ധരിക്കപ്പെട്ട സഭയുടെ ശീതോഷ്ണാവസ്ഥയെയും നിഗളത്തെയും ജയിക്കുന്നതും, ആവശ്യമായ വസ്തുക്കൾ വാങ്ങുവാൻ വില നൽകുന്നതും, കർത്താവിന് അകത്തു വരാൻ കഴിയേണ്ടതിന് വാതിൽ തുറക്കുന്നതുമാണ്; നിസ്തുല ജയാളിയെന്ന നിലയിൽ ക്രിസ്തു എല്ലാ ജയാളികളെയും ഉൾക്കൊള്ളുന്നു.
2. കർത്താവിനോടൊപ്പം അവന്റെ സിംഹാസനത്തിൽ ഇരിക്കുന്നത് ജയാളിക്ക് ഒരു സമ്മാനമായിരിക്കും, അങ്ങനെ അവന് കർത്താവിന്റെ അധികാരത്തിൽ പങ്കാളിയാകുവാനും വരുവാനിരിക്കുന്ന സഹസ്രാബ്ദ രാജ്യത്തിൽ മുഴുവൻ ഭൂമിയെയും ഭരിക്കുന്നതിൽ ക്രിസ്തുവിനോടൊപ്പം ഒരു സഹരാജാവാകുവാനും കഴിയും.